

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

ISO 9001: 2015

സമഗ്ര പൗരാവകാശ രേഖ
2025-26



ആമുഖം

ജനക്ഷേമവും സാമൂഹ്യ വികസനവുമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ. സാധാരണക്കാരായ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സർക്കാർ സംവിധാനങ്ങളിൽ ഒന്നാണ് ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകൾ. നിലവിൽ ഗ്രാമ - ബ്ലോക്ക് - മുൻസിപ്പൽ തലങ്ങൾ ഏകീകരിച്ച് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നുകഴിഞ്ഞു. ഈ ഏകീകരണം പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കും എന്ന് ഉറപ്പാണ്. അതുകൊണ്ടുതന്നെ ഈ ഓഫീസുകൾ കൂടുതൽ ജനസൗഹൃദവും കാര്യക്ഷമവുമാകേണ്ടതുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രതിജ്ഞാബദ്ധമാണ്.

സേവനം പൗരന്റെ അവകാശമാണെന്ന കാഴ്ചപ്പാട് പൊതുജനങ്ങളിലും ഉദ്യോഗസ്ഥരിലും ഉണ്ടുകുമ്പോഴാണ് ഒരു സ്ഥാപനം ജനസൗഹൃദവും പ്രവർത്തനോന്മുഖവുമാകുന്നത്. ഈ കാഴ്ചപ്പാടിന്റെ പൂർത്തീകരണമാണ് പൗരാവകാശ രേഖ. പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ചും ബ്ലോക്കുപഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളെ സംബന്ധിച്ചുമുള്ള അറിവ് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ സേവനങ്ങൾ സുതാര്യമായും സമയബന്ധിതമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും പൗരാവകാശരേഖ സഹായകമാകുന്നു.

പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 272(A) വകുപ്പ് പൗരാവകാശ രേഖക്ക് സാധ്യത നൽകുന്നുണ്ടെങ്കിലും കാലോചിതമായി പൗരാവകാശ രേഖ പരിഷ്കരിക്കപ്പെടാറില്ല എന്നത് വലിയ ന്യൂനതയാണ്. വിവരാവകാശനിയമം, സേവനാവകാശ നിയമം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ പോലുള്ള നൂതനവും വിവിധങ്ങളുമായ പല പദ്ധതികളും പ്രാദേശിക സർക്കാറിൽ നിക്ഷിപ്തമാകുമ്പോൾ പൗരാവകാശരേഖയുടെ പരിഷ്കരണം കാലഘട്ടത്തിന്റെ ആവശ്യകതയും പൗരബോധത്തിന്റെ അനിവാര്യതയും സൽഭരണത്തിന്റെ കടമയുമായി ഞങ്ങൾ തിരിച്ചറിയുകയാണ്. പുതിയ ഭരണസമിതി അധികാരത്തിൽ വന്ന് ആറ് മാസത്തിനുള്ളിൽ നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിരുന്നു. കേവലം ISO സർട്ടിഫിക്കേഷൻ എന്ന സാങ്കേതികക്കപ്പുറം ജനങ്ങളിലേക്ക് എത്തുക എന്നത് തന്നെയാണ് നമ്മുടെ ലക്ഷ്യം. സംസ്ഥാന സർക്കാരും വാതിൽപ്പടി സേവനം ആവിഷ്കരി ക്കുന്ന ഈ കാലഘട്ടത്തിൽ പൗരാവകാശരേഖ ഏറ്റവും പ്രസക്തമാണെന്ന് പ്രത്യേകം പരാമർ ശിക്കേണ്ടതില്ലല്ലോ.

ഈ ബ്ലോക്കിലെ പൗരാവലിക്കുമുന്നിൽ പരിഷ്കരിച്ച പൗരാവകാശരേഖ സമർപ്പിക്കുകയാണ്.

ഭരണസമിതിക്ക് വേണ്ടി,

സി.എം. മീനാകുമാരി
പ്രസിഡണ്ട്,
നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്.

നീലേശ്വരം,
12-03-2026.

പ്രസ്താവന

പഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി നൽകിയ 73-ാം ഭേദഗതിയുടെ ചുവടുപിടിച്ച് കേരളം രൂപം നൽകിയ പഞ്ചായത്ത് രാജ് ആക്ടും ചട്ടങ്ങളും വികേന്ദ്രീകൃത ഭരണത്തെ സുസ്ഥിരമാക്കുന്നതും പൗരന്മാരുടെ അവകാശങ്ങൾക്ക് നിയമ പരിരക്ഷ നൽകുന്നതുമാണ്. ജനങ്ങളുടെ ക്ഷേമഐശ്വര്യങ്ങളിലും സാമൂഹിക സുരക്ഷിതത്വത്തിലും ജീവസന്ധാരണ ത്തിനുമുള്ള മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിലും സേവന ദാതാവായും ചാലക ശക്തിയായും വർത്തിക്കാൻ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

ആധുനിക ജനാധിപത്യ സമൂഹത്തിൽ ജനങ്ങൾ കാംക്ഷിക്കുന്ന ഗുണമേന്മയുളളതും പ്രതിജ്ഞാബദ്ധവും സുതാര്യവുമായ ഒരു ഭരണക്രമം ഉറപ്പുവരുത്തുന്നതിനുള്ള ഉപാധികളിൽ പ്രധാനപ്പെട്ട ഒന്നാണ് പൗരാവകാശരേഖ. ഓരോ ഭരണസ്ഥാപനങ്ങളിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധയിനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന രേഖയാണ് പൗരാവകാശരേഖ. ഭരണരംഗത്ത് കാര്യക്ഷമത ഉറപ്പുവരുത്തി നിയമാനുസൃതവും സമയബന്ധിതവുമായി സേവനങ്ങൾ പ്രധാനം ചെയ്ത് സാമൂഹ്യ നീതിയും ഭരണസുതാര്യതയും കൈവരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിലും അതിലെ ഘടക സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളാണ് പ്രധാനമായും ഈ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭരണസുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കിക്കൊണ്ടു മാത്രമേ ഭരണസ സംവിധാനങ്ങൾക്ക് ജനാഭിലാഷം സാക്ഷാത്കരിക്കാനാകൂ. ഈ ബ്ലോക്ക് പഞ്ചായത്തിലെ ഭരണസംവിധാനം ഈ രേഖയിൽ വ്യക്തമാക്കിയിട്ടുള്ള സേവന ലഭ്യത കാര്യക്ഷമമാക്കുമെന്ന് ഉറപ്പ് നൽകിക്കൊണ്ട് പൗരാവകാശരേഖ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

നീലേശ്വരം,
12-03-2026.

പ്രസിഡണ്ട്/ സെക്രട്ടറി
ബ്ലോക്ക് പഞ്ചായത്ത്, നീലേശ്വരം.

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്
പൊതു വിവരങ്ങൾ

ജില്ല	:	കാസർഗോഡ്	
താലൂക്ക്	:	ഹൊസ്ദുർഗ്	
വിസ്തൃതി	:	170.73 ച.കി.മി.	
അതിരുകൾ	:	വടക്ക് :	നീലേശ്വരം മുനിസിപ്പാലിറ്റി, പരപ്പ ബ്ലോക് പഞ്ചായത്ത്.
		തെക്ക് :	പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്.
		കിഴക്ക് :	പരപ്പ ബ്ലോക്ക് പഞ്ചായത്ത്, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്.
		പടിഞ്ഞാറ്:	അറബിക്കടൽ.

ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം

സ്ത്രീകൾ	:	79276
പുരുഷൻമാർ	:	70527
ആകെ	:	149803
ജനസാന്ദ്രത(ച.കി. മീറ്ററിന്)	:	811.45
സ്ത്രീ-പുരുഷ അനുപാതം	:	1129.1000
സാക്ഷരതാ നിരക്ക്	:	98.00%
ഉൾപ്പെടുന്ന പഞ്ചായത്തുകൾ	:	1) കയ്യൂർ- ചീമേനി 2) പിലിക്കോട് 3) തൃക്കരിപ്പൂർ 4) വലിയപറമ്പ 5) പടന്ന 6) ചെറുവത്തൂർ
ബ്ലോക്ക് ഡിവിഷനുകൾ	:	14

ഭരണസമിതി 2025-2030



സി.എം. മീനാകുമാരി
(പ്രസിഡണ്ട്)



കെ. രാജു
(വൈസ് പ്രസിഡണ്ട്)



ഷിബ പി. ബി.
(ചെയർപേഴ്സൺ, വികസനകാര്യം)



പൂമണി കെ.
(ചെയർപേഴ്സൺ, ആരോഗ്യ - വിദ്യാഭ്യാസം)



പ്രദീഷ് ടി. കെ.
(ചെയർപേഴ്സൺ, ക്ഷേമകാര്യം)



നന്ദൻ പി.
(അംഗം - വികസനം)



പി. പി. സുകുമാരൻ
(അംഗം - ആരോഗ്യം, വിദ്യാഭ്യാസം)



ശ്രീജ സി. ടി
(അംഗം - ക്ഷേമം)



കെ. നിന്ധു
(അംഗം - ധനകാര്യം)



രവീന്ദ്രൻ പി.
(അംഗം - ധനകാര്യം)



എം. കെ. അഷ്റഫ്
(അംഗം - ക്ഷേമം)



ഷാഹിന എം. ടി. പി
(അംഗം - ആരോഗ്യം, വിദ്യാഭ്യാസം)



സുനീറ വി. പി.
(അംഗം - ധനകാര്യം)



മുഹമ്മദ്അലി എ. പി.
(അംഗം - വികസനം)



രാഗേഷ് ടി.
(സെക്രട്ടറി)

ഭരണസമിതി അംഗങ്ങൾ

സി.എം. മീനകുമാരി	പ്രസിഡണ്ട്	9847686138 CUG(8281040253)
കെ. രാജു	വൈസ് പ്രസിഡണ്ട് (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)	9447544969 CUG (8281040453)
ഷീബ പി.ബി.	ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	9497233251
പ്രദീഷ് ടി.കെ.	ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	9048914641
പൂമണി കെ.	ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി	9846119861
മുഹമ്മദ് അലി എ.പി.	മെമ്പർ	9947427578
ശ്രീലത സി.ടി.	മെമ്പർ	9539338988
പി.പി. സുകുമാരൻ	മെമ്പർ	9495347830
സനൽ പി.	മെമ്പർ	9447955653
ഷാഹിന എം.ടി.പി	മെമ്പർ	9188020733
പി. രവീന്ദ്രൻ	മെമ്പർ	9946155756
സുനീറ വി.പി.	മെമ്പർ	8547191212
കെ. സിന്ധു	മെമ്പർ	9446432999
എം.കെ. അഷറഫ്	മെമ്പർ	7736339748

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ

പേര്	ഗ്രാമപഞ്ചായത്ത്	മൊബൈൽ നമ്പർ	ഓഫീസ് നമ്പർ
ടി നാരായണൻ	ചെറുവത്തൂർ	9400560870	04672-260221
എം.പി.വി. ജാനകി	കയ്യൂർ- ചീമേനി	9496049662	04672 250322
ഇ. കുഞ്ഞിരാമൻ	പിലിക്കോട്	9495561677	04672 211504
സാജിത സഫറുള്ള	തൃക്കരിപ്പൂർ	9744360239	04672 210236
പി.സി. സുബൈദ	പടന്ന	9656815493	04672 276259
എം.ടി. ബുഷറ	വലിയപറമ്പ	8891063714	04672 258276

കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ

മെമ്പർ	ഡിവിഷൻ	മൊബൈൽ നമ്പർ
ഡോ: സെറീന സലാം	ചെറുവത്തൂർ	8281833858
എം. മനു	പിലിക്കോട്	9633790474
ഒക്ലാവ് കൃഷ്ണൻ	കരിന്തളം	9495512711

നിയമസഭാ പ്രതിനിധി

ശ്രീ. എം. രാജഗോപാലൻ എം.എൽ.എ., ഓഫീസ് നമ്പർ: 0467-2261300, ഫോൺ നമ്പർ: 9446168577.

പാർലമെന്റ് പ്രതിനിധി

ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ എം.പി., ഓഫീസ് നമ്പർ: 04994-257013, ഫോൺ നമ്പർ: 9447590800.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

ശ്രീ. സാബു എബ്രഹാം, ഫോൺ: 9400376993, ഓഫീസ്: 0499-4230230.

നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	മേൽവിലാസം	ഫോൺ നമ്പർ	പ്രവൃത്തി സമയം
1	താലൂക്ക് ആശുപത്രി തൃക്കരിപ്പൂർ	തങ്കയം തൃക്കരിപ്പൂർ	0467 2211100	രാവിലെ 8 മണി മുതൽ രാത്രി 11 മണിവരെ
2	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ചെറുവത്തൂർ	ചെറുവത്തൂർ	04672 261270	രാവിലെ 8 മണി മുതൽ രാത്രി 10 മണിവരെ
3	സംയോജിതശിശു വികസന പദ്ധതി ഓഫീസ് നിലേശ്വരം	ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്	04672 284040	രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ
4	സംയോജിത ശിശുവികസന പദ്ധതി ഓഫീസ്, പിലിക്കോട്	കാലിക്കടവ്	04672 263520	രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ
5	ക്ഷീര വികസന ഓഫീസ്	ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്	04672 280680	രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ
6	കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് (എ.ഡി.എ. ഓഫീസ്)	ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്	04672 280537	രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ
7	പട്ടികജാതി വികസന ഓഫീസ്	ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്	04672 280722	രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ
8	പട്ടികവർഗ്ഗ വികസന ഓഫീസ്	ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്		രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ
9	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസ്	ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്		രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ
10	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്	ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്	04672 284224	രാവിലെ 10 മണി മുതൽ 5 മണിവരെ.

ആസൂത്രണ സമിതി അംഗങ്ങൾ

ക്രമ നമ്പർ	പേര്	സ്ഥാനം	ഫോൺ നമ്പർ
1	സി.എം.ലീനാകുമാരി	അധ്യക്ഷയ്ൻ	9847686138
2	എ.എം ബാലകൃഷ്ണൻ	ഉപാദ്ധ്യക്ഷയ്ൻ	9446404993
3	കെ.രാജു	അംഗം	9447544969
4	പി.ബി.ഷിബ	അംഗം	9497233251
5	പ്രദീഷ്.ടി.കെ	അംഗം	9048914641
6	പൂമണി.കെ	അംഗം	9846119861
7	പി.പി.സുകുമാരൻ	അംഗം	9495347830
8	വിജയരാജ്.സി.വി	അംഗം	9746598470
9	കെ.ശകുന്തള	അംഗം	9188652357
10	കെ.വി.രാജീവ്കുമാർ	അംഗം	9447547057
11	കെ.നാരയണൻ മാസ്റ്റർ	അംഗം	9400590369
12	ടി.പി.ഉഷ	അംഗം	9446095802
13	കെ.അനിൽ കുമാർ	അംഗം	9947141410
14	ഡോ.എം. ഗോവിന്ദൻ◇	അംഗം	9447956003
15	ഡോ.സുരേന്ദ്രൻ	അംഗം	9995182361
16	ഡോ.അരുൺ കുമാർ .പി	അംഗം	8281466201
17	കെ.മോഹൻ മാസ്റ്റർ	അംഗം	9947725128
18	എം.അബ്ദുൾ സലാം	അംഗം	9961258894
19	നാരോത്ത് ബാലകൃഷ്ണൻ മാസ്റ്റർ	അംഗം	9400412064
20	മുസ്താക്ക്.യു.കെ	അംഗം	9447314255

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറുടെയും ചെയർമാന്റേയും പേര്

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പിന്റെ പേര്	കൺവീനറുടെ പേര്	ചെയർമാന്റെ / വൈസ് ചെയർമാന്റെ പേര്
1	പൊതുഭരണവും ധനകാര്യവും	സെക്രട്ടറി, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്	കെ. രാജു വൈസ് പ്രസിഡണ്ട് ബ്ലോക്ക് പഞ്ചായത്ത്
2	ദുരന്ത നിവാരണ ജൈവ വൈവിധ്യ പരിസ്ഥിതി സംരക്ഷണ കാലാവസ്ഥാ വ്യതിയാനം	സെക്രട്ടറി, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്	സി എം മീനാകുമാരി പ്രസിഡണ്ട് ബ്ലോക്ക് പഞ്ചായത്ത് എം.കെ. അഷ്റഫ് മെമ്പർ (വൈസ് ചെയർമാൻ)
3	കൃഷിയും അനുബന്ധ മേഖലയും (മണ്ണ്) ജല സംരക്ഷണം ജലസേചനം, പരിസ്ഥിതി, വനവത്കരണം	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	പി.ബി ഷീബ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
4	മൃഗസംരക്ഷണവും, ക്ഷീരവികസനവും	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	സുനീറ വി പി മെമ്പർ
5	പ്രാദേശിക സാമ്പത്തിക വികസനം	വ്യവസായ വികസന ഓഫീസർ	മുഹമ്മദ് അലി എ പി മെമ്പർ
6	പൊതുമരാമത്ത്	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	സനൽ പി മെമ്പർ
7	ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം)	സെക്രട്ടറി നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്	പ്രതീഷ് പി കെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
8	സാമൂഹ്യക്ഷേമം (വൃദ്ധർ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ	ശിശുവികസന പദ്ധതി ഓഫീസർ	ശ്രീലത സി ടി മെമ്പർ
9	പട്ടികജാതി വികസനം	പട്ടികജാതി വികസന ഓഫീസർ	രവീന്ദ്രൻ പി മെമ്പർ
10	സ്ത്രീകളുടെയും, കുട്ടികളുടെയും വികസനം	ശിശുവികസന പദ്ധതി ഓഫീസർ	സിന്ധു കെ മെമ്പർ
11	ആരോഗ്യം	മെഡിക്കൽ ഓഫീസർ സി.എച്ച്.സി. ചെറുവത്തൂർ	പൂമണി കെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
12	കുടിവെള്ളം, ശുചിത്വം	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	ഷാഷിന എം ടി പി മെമ്പർ
13	വിദ്യാഭ്യാസം, സംസ്കാരം, കല കായിക വികസനം, യുവജനക്ഷേമം	സെക്രട്ടറി നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്	പി പി സുകുമാരൻ മെമ്പർ

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സംവിധാനം ചുമതലകളും ഉത്തരവാദിത്വങ്ങളും

ബി.ഡി.ഒ./ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ ബി.പി.ഒ.

ബി.ഡി.ഒ./ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ ബി.പി.ഒ. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിന്റെ മുഴുവൻ സ്ഥാപര ജംഗമ വസ്തുക്കളുടെയും കസ്റ്റോഡിയൻ ആണ്. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിലെ മുഴുവൻ ജീവനക്കാരുടെയും പ്രവർത്തനങ്ങളുടെ മേൽനോട്ടചുമതല വഹിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥൻ, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് സർക്കാർ മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഉപദേശം നൽകൽ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് തല പ്രവർത്തനങ്ങളുടെ നിർവഹണ- ഏകോപന ചുമതല, എം.പി., എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമുള്ള പ്രവർത്തികളുടെ നിർവഹണ ഉദ്യോഗസ്ഥൻ, വെള്ളപൊക്ക ദുരിതാശ്വാസനിധി ഫണ്ട്, ദേശീയ സമ്പാദ്യ പദ്ധതി എന്നിവയുടെയും പൂർണ്ണ ചുമതല വഹിക്കുന്നു.

ജോയിന്റ് ബി.ഡി.ഒ. (ഇ.ജി.എസ്.)

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മോണിറ്ററിംഗ് സൂപ്പർവൈസറി ഓഫീസർ
2. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പരിശീലന കോർഡിനേഷൻ
3. തൊഴിലുറപ്പ് പദ്ധതിയുടെ മോണിറ്ററിംഗും, റിപ്പോർട്ട് സമർപ്പിക്കലും.
4. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൻ കീഴിലെ പ്രവൃത്തികളുടെ മസ്റ്റർ റോൾ പരിശോധിച്ച് ഒപ്പിട്ട് നൽകൽ.
5. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതികളുടെ ഫീൽഡ് തല പരിശോധനയും (മസ്റ്റർ റോൾ, എം.ബുക്ക് ഉൾപ്പെടെ)രണ്ടാഴ്ചയിലൊരിക്കൽ ബി.ഡി.ഒയ്ക്ക് പരിശോധന റിപ്പോർട്ട് സമർപ്പിക്കൽ മറ്റ് എക്സ്റ്റൻഷൻ ഓഫീസർമാർ സമർപ്പിക്കുന്ന ഫീൽഡ് പരിശോധനാ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ബിഡി.ഒ.യ്ക്ക് സമർപ്പിക്കൽ
6. ഡാറ്റാ എൻട്രി ഓപറേറ്റർമാർ തയ്യാറാക്കുന്ന എഫ്.ടി.ഒ. യുടെ കൃത്യമായ പരിശോധനയും ഒന്നാം സിഗ്നേച്ചറി എന്ന നിലയിൽ ആയത് അംഗീകരിക്കലും.
7. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന കർമ്മ പദ്ധതികളും ലേബർ ബഡ്ജറ്റും പരിശോധിക്കലും ആയത് തൊട്ടടുത്ത ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് അജണ്ടയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കൽ.
8. ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും അംഗീകാരത്തിനായി ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കൽ.
9. അക്രഡിറ്റഡ് എഞ്ചിനിയർ, ഡാറ്റാ എൻട്രി ഓപറേറ്റർമാർ എന്നിവർക്ക് കൃത്യമായ നിർദ്ദേശം നൽകലും അവരുടെ പ്രവർത്തന മേൽനോട്ടവും.
10. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ റിപ്പോർട്ടുകളും യഥാസമയം കൃത്യതയോടെ തയ്യാറാക്കപ്പെട്ടിട്ടുണ്ടെന്നും ആയത് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
11. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട ഏതൊരു പരാതിയും ആയത് ലഭിച്ച് രണ്ട് ദിവസത്തിനകം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കൽ.

12. ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ നോട്ടീസ് തയ്യാറാക്കൽ ഹാജരാകലും മിനുട്സ് തയ്യാറാക്കലും മിനുട്സിന്റെ സൂക്ഷിപ്പും.

13. സ്റ്റിയറിംഗ് കമ്മിറ്റിയുടെ ചായ, ലഘു ഭക്ഷണം എന്നിവയുടെ ബിൽ ഹാജരാക്കലും, ശുപാർശ ചെയ്തു പേയ്മെന്റിന് ആയി സെക്രട്ടറിക്ക് സമർപ്പിക്കുക.

14. For The People പരാതി പരിഹാര സെല്ലിന്റെ നോഡൽ ഓഫിസർ റജിസ്റ്റർ സൂക്ഷിക്കൽ, ഓൺലൈൻ പരാതികൾ ദിവസേന പരിശോധിക്കേണ്ടതും ബന്ധപ്പെട്ടവരിൽ നിന്നും മറുപടി കലക്ട് ചെയ്തു, ഓൺലൈൻ ആയി നൽകേണ്ടതുമാണ്. യൂസർ ഐ.ഡി.യും പാസ് വേഡും ചാർജ്ജ കൈമാറ്റ വേളയിൽ നിർബന്ധമായും കൈമാറേണ്ടതാണ് .

15. ഒരു മാസത്തെ അഡ്വാൻസ് ടൂർ ഡയറി തൊട്ട് മുൻപത്തെ മാസത്തെ ഫൈനൽ ടൂർ ഡയറിയുടെയും ഒരു കോപ്പി സെക്രട്ടറിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സ്റ്റാഫ് മീറ്റിംഗ് ദിവസം ഇ.ഒ. പി.&എം നു കൈമാറേണ്ടതാണ്. സെക്രട്ടറിയുടെ അംഗീകാരത്തിനുശേഷം ടി രേഖകൾ മാസാടിസ്ഥാനത്തിൽ ഇ.ഒ. പി.&എം. സൂക്ഷിക്കുന്നതായിരിക്കും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പടന്ന, വലിയപറമ്പ ഗ്രാമ പഞ്ചായത്തുകളുടെ പരിശോധന ചുമതല.

16. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പടന്ന, വലിയപറമ്പ ഗ്രാമപഞ്ചായത്തു കളുടെ പരിശോധന ചുമതല.

സൂക്ഷിക്കേണ്ട റെജിസ്റ്ററുകൾ

1) മർസ്റ്റർറോൾ ഇഷ്യൂ

2) തൊഴിലുറപ്പ് പദ്ധതി റിവ്യൂ മീറ്റിംഗ്

3) തൊഴിലുറപ്പ് പദ്ധതി പരാതി

4) വർക്ക് ഡയറി

5) സ്റ്റീയറിംഗ് കമ്മിറ്റിയുടെ മിനുട്സ് അജണ്ട

6) For The People പരാതി റജിസ്റ്റർ

ജോയിന്റ് ബി.ഡി.ഒ (ഹൗസിംഗ്)

1. ഐ.എ.വൈ./ പി.എം.എ.വൈ/ലൈഫ് പദ്ധതികളുടെ നടത്തിപ്പ് ചുമതല. ബ്ലോക്ക് തല ഭവന നിർമ്മാണ പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല.

2. ഐ.എ.വൈ./ പി.എം.എ.വൈ. (ജി) / ലൈഫ് പദ്ധതികളുടെ ഫീൽഡ്തല പരിശോധനയും രണ്ടാഴ്ചയിലൊരിക്കൽ ബി.ഡി.ഒ.യ്ക്ക് റിപ്പോർട്ട് സമർപ്പിക്കലും.

3. ഐ.എ.വൈ/ പി.എം.എ.വൈ. (ജി)/ ലൈഫ് ഗുണഭോക്താക്കളുടെ യോഗം കൃത്യമായ ഇടവേളകളിൽ വിളിച്ചുചേർക്കലും ഗുണഭോക്തൾക്ക് നിർദ്ദേശം നൽകലും.

4. ഐ..എ.വൈ./ പി.എം.എ.വൈ./ ലൈഫ് ഗുണഭോക്താക്കൾക്ക് പി.എഫ് എം.എസ്. വഴിയുള്ള പേമെന്റ് യഥാസമയം ലഭിക്കുന്നില്ലായെന്ന് ശ്രദ്ധയിൽ പെട്ടാൽ ആയതിന്റെ സാങ്കേതിക പ്രശ്നം ബന്ധപ്പെട്ടവരുമായി ഇടപെട്ട് മനസ്സിലാക്കുകയും നടപടി ത്വരിതപ്പെടുത്തി ഗുണഭോക്താക്കൾക്ക് തുക ലഭ്യമായി എന്ന് ഉറപ്പാക്കുക.

5. ഐ.എ.വൈ./പി.എം.എ.വൈ/ ലൈഫ് ഗുണഭോക്തക്കൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിന് അർഹതപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് വി.ഇ.ഒ.മാരുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ തയ്യാറാക്കി വെയ്ക്കലും യഥാസമയം ലിസ്റ്റ് സെക്ഷനിൽ ലഭ്യമാക്കലും.

6. ബ്ലോക്ക് വിഹിതം നൽകുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും പണം പിൻവലിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുഎന്നുറപ്പിക്കുക.

7. ഗുണഭോക്താക്കളുടെ പേര് ഉൾപ്പെടുന്ന സ്പിൽ ഓവർ വീടുകളുടെ ലിസ്റ്റ് (നൽകിയതും നൽകാൻ ബാക്കിയുള്ള തുക ഉൾപ്പെടെ) വർഷം തിരിച്ചും പഞ്ചായത്തു തിരിച്ചും തയ്യാറാക്കേണ്ടതും ആയത് കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതും ചാർജ്ജ് കൈമാറ്റ വേളയിൽ നിർബന്ധമായും പ്രസ്തുത ലിസ്റ്റ് കൈമാറേണ്ടതുമാണ്.

8. ഐ.എ.വൈ/ പി.എം.എ.വൈ./ലൈഫ് പദ്ധതികളുമായി ബന്ധപ്പെട്ട മുഴുവൻ പരാതികളും ആയത് ലഭിച്ച് 2 ദിവസത്തിനകം നേരിട്ട് അന്വേഷിക്കലും റിപ്പോർട്ട് സമർപ്പിക്കലും.

9. പി.എം.എ.വൈ./പദ്ധതിക്കാവശ്യമുള്ള ഗുണഭോക്തൃലിസ്റ്റ് യഥാസമയം ലഭ്യമാക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ നേരിട്ട് ചെന്ന് വിഷയം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയും ഗുണഭോക്തൃലിസ്റ്റ് കാലതാമസം കൂടാതെ ലഭിക്കുന്നു എന്നുറപ്പിക്കുകയും ചെയ്യുക.

10. ഗ്രാമപഞ്ചായത്തുകൾ സമയബന്ധിതമായി ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരം ലഭ്യമാക്കൽ.

11. ഐ.എ.വൈ./ പി.എം.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് നടക്കുന്നതെന്ന ഉറപ്പാക്കുക.

12. പി.എം.എ.വൈ. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് എഫ് ടി.ഒ. ലോഗിനിൽ ഹൗസിംഗ് ഓഫീസർ നേരിട്ട് പരിശോധിച്ച് ഫസ്റ്റ് ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തി സെക്രട്ടറിക്ക് സമർപ്പിക്കണം. എഫ്.ടി.ഒ.ക്കുള്ള ഓർഡർഷീറ്റ് തയ്യാറാക്കുക.

13. പി.എം.എ.വൈ. റിപ്പോർട്ടുകൾ ഹൗസിംഗ് ഓഫീസർ സ്ഥിരമായി പരിശോധിക്കുകയും വിശകലനം ചെയ്യേണ്ടതുമാണ്.

14. ഐ.എ.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് തീരുമാനം ആവശ്യമുള്ള മുഴുവൻ കാര്യങ്ങളും ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുക. ഭരണസമിതി തീരുമാനങ്ങൾ ആവശ്യമുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ തൊട്ടടുത്ത ഭരണസമിതി യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കൽ.

15. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനറായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഹാജരാകലും മിനുട്സ് തയ്യാറാക്കലും അദ്ധ്യക്ഷന്റെ അംഗീകാരം ലഭ്യമാക്കി മിനുട്സ് ബുക്ക് ജി.ഇ.ഒ.യ്ക്ക് കൈമാറൽ.

16. ഫീൽഡ് തല ഉദ്യോഗസ്ഥരുടെ മോണിറ്ററിംഗ് / പരിശോധന

17. ഐ.എ.വൈ. ഭവന പദ്ധതി ഗുണഭോക്താക്കളുടെ ഇൻഷുറൻസ് രജിസ്ട്രേഷൻ.

18. ഐ.എ.വൈ ഭവനങ്ങളുടെ ഗുണഭോക്താക്കളുടെ ഫിസിക്കൽ, ഫിനാൻഷ്യൽ പ്രോഗ്രസ് റിപ്പോർട്ട് അടങ്ങിയ വ്യക്തമായ കണക്ക് വർഷംതോറും തിരിച്ച് സൂക്ഷിക്കേണ്ടതും ചാർജ്ജ് കൈമാറ്റവേളയിൽ നിർബ്ബന്ധമായി കൈമാറേണ്ടതുമാണ്.

19. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പരാതികളുടെ നോഡൽ ഓഫീസർ.

20. ക്ഷേമകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റിയിൽ ഹാജരാകലും, മിനിട്സ് തയ്യാറാക്കലും, മിനുട്സ് സൂക്ഷിക്കലും. ക്ഷേമകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി തീരുമാനങ്ങളിന്മേലുള്ള തുടർനടപടി യഥാസമയം ബന്ധപ്പെട്ടവർ കൈക്കൊള്ളുന്നുവെന്ന് ഉറപ്പാക്കൽ

21. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചായ, ലഘു ഭക്ഷണം എന്നിവയുടെ ബിൽ ഹാജരാക്കലും, ശുപാർശ ചെയ്തു പേമെന്റിന് ആയി സെക്രട്ടറിക്ക് സമർപ്പിക്കുക

22. ഒരു മാസത്തെ അഡ്വാൻസ് ടൂർ ഡയറി, തൊട്ട് മുൻപത്തെ മാസത്തെ ഫൈനൽ ടൂർ ഡയറിയുടെയും ഒരു കോപ്പി സെക്രട്ടറിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സ്റ്റാഫ് മീറ്റിംഗ് ദിവസം ഇ.ഒ. പി.&എം.ന് കൈമാറേണ്ടതാണ്. സെക്രട്ടറിയുടെ അംഗീകാരത്തിനുശേഷം ടി രേഖകൾ മാസാടിസ്ഥാനത്തിൽ ഇ.ഒ. പി&എം സൂക്ഷിക്കുന്നതായിരിക്കും.

23. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പിലിക്കോട് ഗ്രാമ പഞ്ചായത്തിന്റെ പരിശോധന ചുമതല.

സൂക്ഷിക്കേണ്ട റെജിസ്റ്ററുകൾ

1 ക്ഷേമ കാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മിനുട്സ്, അജണ്ട, വർക്ക് ഡയറി, ഐ.എ.വൈ. / പി.എം.എ.വൈ./ ലൈഫ്, മാസാടിസ്ഥാനത്തിൽ സ്റ്റാറ്റസ് കാണിക്കുന്ന റെജിസ്റ്റർ അതിദാരിദ്ര്യ സർവ്വെ റെജിസ്റ്റർ

എക്സ്റ്റൻഷൻ ഓഫീസർ (വനിതാ ക്ഷേമം)

1. ടി. എസ് സി, സുതാര്യകേരളം, ബി.പി.എൽ കോ-ഓർഡിനേറ്റർ
2. താലൂക്ക് വികസന സമിതി/ ഭരണഭാഷാ മലയാള ഭാഷ പുരോഗതി അവലോകന യോഗങ്ങളിൽ ഹാജരാകൽ.
3. മുഖ്യമന്ത്രിയുടെ ഓൺലൈൻ പരാതി പരിഹാര സെല്ലിന്റെ നോഡൽ ഓഫിസർ ഓൺലൈൻ പരാതികൾ ദിവസേന പരിശോധികേണ്ടതും ബന്ധപ്പെട്ടവരിൽ നിന്നും മറുപടി ശേഖരിച്ച് ക്രോഡീകരിച്ച് ഓൺലൈൻ ആയി നല്കേണ്ടതുമാണ്. യൂസർ ഐ.ഡി. യും പാസ് വേഡും ചാർജ്ജ് കൈമാറ്റ വേളയിൽ നിർബന്ധമായും കൈമാറേണ്ടതാണ്.
4. സ്വയം സഹായ സംഘം രജിസ്ട്രേഷൻ, സുസ്ഥിര വരുമാന പദ്ധതി മേൽനോട്ടവും നടത്തിപ്പും.
5. ഓണം വിപണനമേള മേൽ നോട്ടവും നടത്തിപ്പും
6. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഹാജരാകലും. മിനിട്സ് തയ്യാറാക്കലും, മിനിട്സ് സൂക്ഷിക്കൽ, തീരുമാനങ്ങളിന്മേലുള്ള തുടർനടപടി യഥാസമയം ബന്ധപ്പെട്ടവർ കൈക്കൊള്ളുന്നുവെന്ന് ഉറപ്പാക്കൽ .
7 ആരോഗ്യ വിദ്യാഭ്യാസകമിറ്റിയുടെ ചായ, ലഘു ഭക്ഷണം എന്നിവയുടെ ബിൽ ഹാരാക്കലും, ശുപാർശ ചെയ്തു പേമെന്റിന് ആയി സെക്രട്ടറിക്ക് സമർപ്പിക്കുക.
8. ഇ.ടി.സി യിൽ സ്വയംസഹായസംഘം കുടുംബശ്രീ അംഗങ്ങൾക്കുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ട സംഘാഗങ്ങളെ വി.ഇ.ഒ മാരുമായി ബന്ധപ്പെട്ട് ശുപാർശ ചെയ്യൽ.
9. ഗാന്ധിജയന്തി വാരാഘോഷം നടത്തിപ്പ്
10. സൻസദ് ആദർശ് ഗ്രാമയോജന ബ്ലോക്ക് തല കോർഡിനേറ്റർ. ആവശ്യമായ റിപ്പോർട്ട് ക്രോഡീകരിച്ച് നൽകൽ റിവ്യുചെയ്യൽ, ആദർശ് ഗ്രാമ പഞ്ചായത്തിനാവശ്യമായ നിർദേശങ്ങൾ ലഭ്യമാക്കൽ.
11. സമ്പൂർണ്ണ ശുചിത്വ പദ്ധതി/നിർമ്മൽ ഭാരത് അഭിയാൻ / സ്വച്ച് ഭാരത് മിഷൻ പദ്ധതിയിൻ കീഴിൽ ഓഫീസും പരിസരവും വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.
12. പൗരാവകാശ രേഖ തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കുക.
13. Resource Recovery Fecility centre / Material collection facility ചുമതലക്കാരൻ.
14. ഒരു മാസത്തെ അഡ്വാൻസ് ടൂർ ഡയറി തൊട്ട് മുൻപത്തെ മാസത്തെ ഫൈനൽ ടൂർ ഡയറിയുടെയും ഒരു കോപ്പി സെക്രട്ടറിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സ്റ്റാഫ് മീറ്റിംഗ് ദിവസം ഇ.ഒ. പി.&എം.നു കൈമാറേണ്ടതാണ്. സെക്രട്ടറിയുടെ അംഗീകാരത്തിനു ശേഷം ടി രേഖകൾ മാസാടിസ്ഥാനത്തിൽ ഇ.ഒ.പി. & എം. സൂക്ഷിക്കുന്നതായിരിക്കും
15. പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതി നടത്തിപ്പ്.
16. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കയ്യൂർ ചിമേനി ഗ്രാമപഞ്ചായത്തിന്റെ പരിശോധന ചുമതല.
17. ബ്ലോക്ക് പഞ്ചായത്ത് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ.

സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ

1. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ്, അജണ്ട.
2. വർക്ക് ഡയറി.
3. ഐ.എസ്.ഒ. രജിസ്റ്റർ

അസിസ്റ്റൻറ് പ്ലാൻ കോർഡിനേറ്റർ

1 ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ കോർഡിനേഷൻ ജോലിയിൽ സെക്രട്ടറിയെ സഹായിക്കുക. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ മുഖ്യചുമതല.

2. പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന സർക്കാർ ഉത്തരവുകളും മറ്റുകാര്യങ്ങളും യഥാസമയം ബ്ലോക്ക് പ്രസിഡണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുക

3. വർക്കിംഗ് ഗ്രൂപ്പിലെ അനൗദ്യോഗിക മെമ്പർമാരുടെ മേൽവിലാസവും മറ്റുകാര്യങ്ങളും നിശ്ചിത പ്രൊഫർമ്മയിൽ ശേഖരിക്കുക.

4. വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി യോഗം / ഗ്രാമസഭ / വികസന സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിന് ബന്ധപ്പെട്ടവർക്കുള്ള കത്ത് തയ്യാറാക്കി സമർപ്പിക്കുക. മിനുട്സ് തയ്യാറാക്കുക. മിനുട്സ് റെജിസ്റ്റർ സൂക്ഷിക്കുക.

5. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലൂടെ നിർദ്ദേശിച്ചുവരുന്ന പദ്ധതികൾ മാത്രമേ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നുള്ളൂവെന്ന് ഉറപ്പാക്കുക.

6. ബ്ലോക്ക് പഞ്ചായത്തുമായി കൂടിയാലോചിച്ച് സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി വാർഷിക പദ്ധതി തയ്യാറാക്കുക.

7. പദ്ധതി നിർവ്വഹണത്തിൽ പ്രശ്നങ്ങളോ തടസ്സങ്ങളോ ഉണ്ടെങ്കിൽ പദ്ധതി ഭേദഗതി ചെയ്യേണ്ടുന്ന സാഹചര്യം ഉണ്ടാകുമ്പോൾ പ്രസ്തുത കാര്യം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും രേഖാമൂലം ആഫീസിൽ ലഭിക്കുന്നതിനുള്ള ഇടപെടൽ നടത്തുക.

8. വാർഷിക പദ്ധതി തയ്യാറാക്കിയത് സുലേഖ സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്ത് അംഗീകാരം വാങ്ങുന്ന നടപടി സ്വീകരിക്കുക. പ്രൊജക്ടുകളുടെ ഡാറ്റാ എൻട്രി ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സഹായത്തോടെ ചെയ്യുക.

9. ബ്ലോക്ക് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രോജക്റ്റുകളുടെ ഡാറ്റാ എൻട്രി എൽ.ബി. അപ്രൂവലിന് ലഭിച്ചിട്ടുള്ള മുഴുവൻ പ്രൊജക്ടുകൾക്കും അപൂവൽനൽകുക, ബന്ധപ്പെട്ട വെറ്റിങ് ഓഫീസർക്ക് പ്രോജക്റ്റ് സമർപ്പിക്കുക.

10. വി.ഇ.ഒ.മാർ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രോജക്റ്റുകളുടെ വെറ്റിങ് ഓഫീസറായി പ്രവർത്തിക്കുക.

11. കരട്/അന്തിമ പദ്ധതി തയ്യാറാക്കുക. പ്രിന്റ് ചെയ്യുന്നതിന് ഏല്പിച്ചു നൽകിയിട്ടുള്ളസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രൂഫ് പരിശോധിക്കുകയും പദ്ധതി രേഖയുടെ കൃത്യത ഉറപ്പാക്കുകയും ചെയ്യുക.

12. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ പദ്ധതികളുടേയും നിർവ്വഹണ പുരോഗതി വിലയിരുത്തലും സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കലും.

13. ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന പദ്ധതികൾക്ക് ബ്ലോക്ക് സെക്രട്ടറി വെറ്റിംഗ് ഓഫിസർ ആയുള്ള വിഷയത്തിൽ പദ്ധതിക്ക് അംഗീകാരം നൽകുകയും രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുക.

14. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ പരിശോധന ചുമതല

സൂക്ഷിക്കേണ്ട റജിസ്റ്ററുകൾ

1 വി.ഇ. മാരുടെ പ്രോജറ്റുകൾക്ക് അപ്രൂവൽ രജിസ്റ്റർ

2. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് റെജിസ്റ്റർ.

3. ഗ്രാമസഭ മിനുട്സ് റെജിസ്റ്റർ

4. വികസന സെമിനാർ മിനുട്സ് രജിസ്റ്റർ.

ജനറൽ എക്സ്റ്റൻഷൻ ഓഫീസർ

1. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഹാജരാകലും, മിനിട്സ് തയ്യാറാക്കലും, മിനുട്സ് രജിസ്റ്റർ സൂക്ഷിക്കുക.
2. ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും സ്ഥാവര ജംഗമ വസ്തുകളുടെ ചുമതലക്കാരൻ
3. ബ്ലോക്ക് പഞ്ചായത്തിന്റെ മേശ, കസേര, ഷെൽഫ്, ഫാൻ, കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയ മുഴുവൻ ആസ്തികൾക്കും നമ്പർ രേഖപ്പെടുത്തി സെന്ട്രൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുക.
4. ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയുടെ സ്കെച്ച് രേഖകൾ സഹിതം ലാൻഡ് രജിസ്റ്റർ സൂക്ഷിക്കുക.
5. എം. ബി. കെ. ബി. വൈ. എജന്റ് മാരുടെ യോഗം ചേരൽ തുടങ്ങി എല്ലാത്തര ഇടപാടുകളുടെയും ചുമതലക്കാരൻ. എം. ബി. കെ. ബി വൈ ഏജന്റുമാരുടെ ഷെഡ്യൂൾ സൂക്ഷിക്കുക. മീറ്റിംഗ് നടത്തുക. എം. ബി. കെ. ബി. വൈ ഏജൻസി പുതുക്കലുകൾ
6. എല്ലാ പദ്ധതികളുടേയും പ്രത്യേകിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കുന്ന പ്രൊജക്ടുകൾ അവലോകനം ചെയ്ത് പുരോഗതിയിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ അതും ദിവസേന റിപ്പോർട്ട് ബ്ലോക്ക് സെക്രട്ടറിക്ക് സമർപ്പിക്കുക.
7. ഒരു മാസത്തെ അഡ്വാൻസ് ടൂർ ഡയറി, തൊട്ട് മുൻപത്തെ മാസത്തെ ഫൈനൽ ടൂർ ഡയറിയുടെയും ഒരു കോപ്പി സെക്രട്ടറിയുടെ പരിശോധനയ്ക്കും അംഗികാരത്തിനുമായി സ്റ്റാഫ് മീറ്റിംഗ് ദിവസം ഇ.ഒ. പി&എം. ന് കൈമാറേണ്ടതാണ്. സെക്രട്ടറിയുടെ അംഗീകാരത്തിനുശേഷം ടി രേഖകൾ മാസാടിസ്ഥാനത്തിൽ ഇ.ഒ.പി. & എം. സൂക്ഷിക്കുന്നതായിരിക്കും.
8. കേരളോത്സവം നടത്തിപ്പ്
9. ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന പൊതുപരിപാടികളുടെ മുഖ്യ സംഘാടന ചുമതല.
10. കാന്റീൻ, മറ്റ് വാടക മുറികളുടെയും പ്രവർത്തനങ്ങളുടെ മേൽനോട്ടം, വാടക മുറികളുടെ ചുമതലക്കാരൻ, ബൈലോ തയ്യാറാക്കൽ.
11. ഓഫീസ് കോൺഫറൻസ് ഹാളിലെയും, എസ്.ജി.എസ്.വൈ. പടുവളം ഹാളിലെയും മൈക്ക് സെറ്റിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും കസ്റ്റോഡിയൻ, ഹാൾ ബുക്ക് ചെയ്യന്നതിന്റെ രേഖകൾ.
12. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ പരിശോധന ചുമതല.

രജിസ്റ്ററുകൾ

1. ഗ്രാമപഞ്ചായത്തുകളുടെ പ്രൊജക്ട് അപ്രൂവൽ രജിസ്റ്റർ സൂക്ഷിക്കൽ.
2. സെൻട്രൽ സ്റ്റോക്ക് രജിസ്റ്റർ
3. രജിസ്റ്റർ ഓഫ് ലാന്റ് ആന്റ് ബിൽഡിംഗ്.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ്,അജണ്ട
5. വാടക മുറികളുടെ വിവരങ്ങൾ അടങ്ങിയ റെജിസ്റ്റർ
6. ഹാൾ ബുക്കിംഗ് വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുക.
7. വർക്ക് ഡയറി
8. മുഖ്യമന്ത്രിയുടെ ഓൺലൈൻ പരാതി പരിഹാര രജിസ്റ്റർ

എക്സ്റ്റൻഷൻ ഓഫീസർ (പി.എം.)

1. ബ്ലോക്ക് പഞ്ചായത്ത് ബോർഡ് യോഗങ്ങളിൽ ഹാജരായി തീരുമാന രജിസ്റ്ററും മിനുട്സും തയ്യാറാക്കുക. മിനുട്സ് രജിസ്റ്റർ സൂക്ഷിക്കുക.
2. സകർമ സോഫ്റ്റ്വെയറിൽ അജണ്ട രേഖപ്പെടുത്തി ഭരണ സമിതിയോഗ നോട്ടീസ് തയ്യാറാക്കൽ, സകർമയിൽ അറ്റന്റൻസ് രേഖപ്പെടുത്തുക.

3. യോഗസമയത്തു തന്നെ കരട് തീരുമാന രജിസ്റ്റർ എഴുതേണ്ടതും പ്രസിഡണ്ടിന്റേയും സെക്രട്ടറിയുടേയും അംഗീകാരത്തിനു ശേഷം യോഗം അവസാനിക്കുമ്പോൾ തീരുമാനങ്ങൾ വായിക്കേണ്ടതും പകർപ്പ് അന്നുതന്നെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്.
4. യോഗ നടപടിക്രമം അടങ്ങുന്ന മിനുട്സിന്റെ കരട് 2 ദിവസത്തിനകം അദ്ധ്യക്ഷന് നൽകേണ്ടതും അദ്ധ്യക്ഷന്റെ അംഗീകാരം ലഭ്യമായത്തിന് ശേഷം പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്
5. തുടർനടപടിക്കായി സ്വീകരിക്കേണ്ട തീരുമാനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ലെറ്റർ പാഡിൽ തയ്യാറാക്കി സെക്രട്ടറിയുടെ ഒപ്പ് സഹിതം തപാൽ നമ്പർ ഇട്ടു ഫയൽ വഴി ഇടപാട് നടത്തുന്നതിന് മിനുട്സിന്റെ അസ്സൽ അംഗീകരിച്ച് 2 ദിവസത്തിനകം സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്.
6. സ്റ്റാഫ് മീറ്റിംഗിലും സെക്രട്ടറി നിർദ്ദേശിക്കുന്ന മറ്റുയോഗങ്ങളിലും ഹാജരാകേണ്ടതും മിനുട്സ് തയ്യാറാക്കേണ്ടതും മിനുട്സ് ബുക്കുകൾ സൂക്ഷിക്കേണ്ടതുമാണ്.
7. ബ്ലോക്ക് പഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടേയും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളുടേയും മെയിന്റൻസുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ അടിയന്തിരമായി ബന്ധപ്പെട്ട ഏജൻസികളുമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കൽ, കമ്പ്യൂട്ടറുകളുടേയും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളുടേയും സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കൽ, എ.എം.സി. യുമായി ബന്ധപ്പെട്ട തുടർനടപടി സ്വീകരിക്കൽ, വിവരങ്ങൾ സൂക്ഷിക്കൽ.
8. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പ്രൊജക്ട് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നീ ഓഫീസുകളിൽ നിന്നും ആവശ്യപ്പെടുന്ന പ്ലാൻ / ഐ.എ.വൈ./പി.എം.എ.വൈ./ ടി.എസ്.സി പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട എല്ലാവിധ കണക്കുകളും സംബന്ധിച്ച് കൃത്യമായ പ്രോഗ്രസ്സ് റിപ്പോർട്ടുകൾ (ഫിസിക്കൽ & ഫിനാൻഷ്യൽ) നിശ്ചിത തീയതിക്കകം നിശ്ചിത പ്രൊഫോർമ്മയിൽ തയ്യാറാക്കൽ സെക്രട്ടറിക്ക് സമർപ്പിക്കുക.
9. പ്ലാൻ പ്രോഗ്രസ്സ് റിപ്പോർട്ട് സെക്രട്ടറിയുടെ അംഗീകാരത്തോടെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആഫീസിലേക്ക് ഇ മെയിൽ വഴി അയക്കേണ്ടതും കോപ്പി പ്രത്യേക ഫയലായിസൂക്ഷിക്കേണ്ടതുമാണ്
10. ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും ഭരണ സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നതിന് ആവശ്യമായ മുഴുവൻ കണക്കുകളും തയ്യാറാക്കൽ
11. എക്സ്റ്റൻഷൻ ഓഫീസർമാരുടെ ടൂർ പ്രോഗ്രാമിന്റേയും ടൂർ ഡയറിയുടേയും കൃത്യത പരിശോധിക്കലും സൂക്ഷിപ്പും. വി.ഇ.ഒ. മാരുടെ അഡ്വാൻസ് ടൂർ ഡയറി, ഫൈനൽ ടൂർ ഡയറി വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.
12. സെക്രട്ടറി, പ്രസിഡണ്ട് എന്നിവർക്ക് ഭരണസമിതി യോഗത്തിലേക്ക് ആവശ്യമായ കണക്കുകൾ തയ്യാറാക്കുക.
13. ബി.ഡി.ഒ കോൺഫറൻസുകളിലും മറ്റ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ മീറ്റിംങ്ങുകളിലും ഹാജരാക്കുന്നതിനുള്ള മുഴുവൻ പദ്ധതി പുരോഗതി റിപ്പോർട്ടും തയ്യാറാക്കൽ,
14. ബ്ലോക്ക് പഞ്ചായത്ത് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ഹെഡ് അക്കൗണ്ടന്റിനെ സഹായിക്കുക.
15. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് കണക്കുകളുടെ മേൽനോട്ടം.
16. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ പരിശോധന ചുമതല.
17. ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരുടെ ടി.എ. നോട്ട് തയ്യാറാക്കി സൂക്ഷിക്കൽ .
18. ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് ഹെഡ് ക്ലർക്കിന്റെ സഹായത്താൽ തയ്യാറാക്കുക. ഭരണ റിപ്പോർട്ട് സെക്രട്ടറിയുടെ അംഗീകാരത്തിന് ശേഷം ഓൺലൈൻ വഴി സമർപ്പിക്കുക.

രജിസ്റ്ററുകൾ

1. സ്റ്റോക്ക് രജിസ്റ്റർ (ഇലക്ട്രോണിക് ഉപകരണം)
2. എ.എം.സി. യുമായി ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക
3. ഭരണ സമിതി അജണ്ട ബുക്ക് സൂക്ഷിക്കുക
4. ഭരണ സമിതി കരട് തീരുമാന രജിസ്റ്റർ.
5. ഭരണ സമിതി തീരുമാനങ്ങൾ (സകർമ)
6. വി.ഇ.ഒ. സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ
7. ഭരണ റിപ്പോർട്ട് രേഖ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

1. പ്ലാൻ ഫണ്ടിന്റെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ
2. ബി.പി.എൽ, ജെ.എസ്.പി., സുതാര്യകേരളം അന്വേഷണം നടത്തി ശുപാർശ ചെയ്യൽ.
3. വിവിധ പ്രവർത്തികളുടെ ഗുണഭോക്തൃ സമിതി രൂപീകരണം
4. വി.ഇ.ഒ. ഓഫീസുമായി ബന്ധപ്പെട്ട എല്ലാരേഖകളുടേയും രജിസ്റ്ററുകളുടെയും കസ്റ്റോഡിയൻ.
5. ഐ.എ.വൈ. പി.എം.എ.വൈ.(ജി) ഭവന നിർമ്മാണം/ഭവന പുനരുദ്ധാരണം പദ്ധതിയുടെ മുഖ്യ ചുമതല, ഐ.എ.വൈ./പി.എം.എ.വൈ.(ജി) ഭവനവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ എഗ്രിമെന്റ് തയ്യാറാക്കൽ, വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്ന വീടുകളുടെ പുരോഗതി വിലയിരുത്തി സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ. ഐ.എ.വൈ./പി.എം.എ.വൈ.(ജി) പദ്ധതികളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ തയ്യാറാക്കൽ.
6. പി.എം.എ.വൈ.(ജി) ഭവന പദ്ധതിയുടെ ഡാറ്റാ എൻട്രി രജിസ്ട്രേഷൻ ഹൗസിംഗ് ക്ലാർക്കുമായിചേർന്ന് നടപ്പിൽ വരുത്തൽ.
7. ജിയോടാഗിംങ്ങ് നിർവ്വഹിക്കൽ മൊബൈൽ ആപ്പിൽ വി.ഇ.ഒ. മാർ ഫോട്ടോ എടുക്കേതും സെക്രട്ടറിക്ക് സ്വീകരിക്കാൻ പാകത്തിൽ സമർപ്പിക്കേണ്ടതുമാണ്.
8. തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലെടുക്കുന്ന കുടുംബങ്ങൾക്ക് വർഷം 100 ദിവസംതൊഴിൽ കിട്ടുന്നു എന്ന് ഉറപ്പാക്കുക, 100% തൊഴിൽ പരിശോധന നടത്തുക.
9. വി.ഇ.ഒ. നിർവ്വഹണം നടത്തുന്ന പദ്ധതിയുമായി ബന്ധപ്പെട്ട പരാതികളിൽ അനവേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കുക.
10. സ്വയം സഹായസംഘങ്ങളുടെരൂപീകരണം, രജിസ്ട്രേഷൻ ശുപാർശ ചെയ്യൽ.
11. കുടുംബശ്രീ എക്സ് ഓഫിഷ്യോ അംഗം.
12. വാർദ്ധക്യ കാല പെൻഷൻ അപേക്ഷകൾ പരിശോധിക്കുക.
13. ടി.എസ്.സി.യുടെ പഞ്ചായത്തു തല നോഡൽ ഓഫീസറുടെ ചുമതല.
14. പഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർ (ചെറുകിടവ്യവസായം, പട്ടികജാതി, പട്ടികവർഗ്ഗം)
15. വിവിധ പരിശീലന പരിപാടികളുടെ സംഘാടനം.
16. ഗുണഭോക്താക്കളുടെ അർഹത പരിശോധന.
17. എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾക്ക് ഫണ്ട് ലഭ്യമാകുന്ന പക്ഷം 14 ദിവസത്തിനകം വേതനം കിട്ടുന്നു എന്നുറപ്പാക്കുക
18. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പ്രത്യേകമായി ചുമതലപ്പെടുത്തുന്ന പ്രവൃത്തികൾ.

ഹെഡ് ക്ലാർക്ക്

1. ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ ഭരണപരമായ കാര്യങ്ങളിലും സെക്രട്ടറിയെ സഹായിക്കുക. തപാലുകൾ യഥാവിധി തീയ്യതിയോടുകൂടി സീൽ ചെയ്ത് സെക്രട്ടറിയെ എൽപിക്കുകയും ആയതിന്റെ തുടർ നടപടികൾ നിരീക്ഷിക്കുകയും ചെയ്യുക.

2. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ എല്ലാ സെക്ഷനുകളുടെയും മേൽ നോട്ടവും ഫയൽ / രജിസ്റ്റർ പി.ആർ പരിശോധനയും ബി.പി.എൽ തുടങ്ങിയ ബ്ലോക്ക് ഓഫീസിൽ നിന്നും വിതരണം ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നുവെന്ന് ഉറപ്പ് വരുത്തുക.
3. ഹാജർ പുസ്തകം, കാഷ്വൽ ലീവ് രജിസ്റ്റർ സ്പെഷ്യൽ കാഷ്വൽ ലീവ് രജിസ്റ്റർ സ്പെഷ്യൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവയുടെ പരിപാലനം. ജീവനക്കാരുടെ എല്ലാ സേവന വേതന പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായി ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
4. ഡിപ്പാർമെന്റ് ഫണ്ടുകളുടെ ചുമതല. കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളുടെ ഭരണപരമായ പ്രവർത്തനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിനെ സഹായിക്കുക.
5. ക്യാഷ് ചെസ്റ്റിന്റെ ചുമതലയും, പണം വിതരണത്തിന്റെ ചുമതലയും, ഹെഡ് അക്കൗണ്ടന്റിന്റെ കൈവശമുള്ള ക്യാഷ് ബുക്കിലെ നീക്കിയിരിപ്പ് തുക രേഖാമൂലം സൂക്ഷിക്കുക.
6. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവ സർക്കാർ മാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമാമെന്ന് ഉറപ്പ് വരുത്തുക. ബ്ലോക്ക് തല ഓഡിറ്റ് മോണിറ്ററിംഗ് സമിതി വിളിച്ചുകൂട്ടുന്നതിന് സെക്രട്ടറിയെ സഹായിക്കുക.
7. ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയിൽ റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക/ പങ്കെടുക്കുക.
8. അക്കൗണ്ടൻറ് ജനറൽ ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് മറ്റ് പരിശോധന ഏജൻസികൾ, വിവിധ ഓഡിറ്റ് റിവ്യൂ കമ്മിറ്റികൾ എന്നിവ മുഖാന്തിരം ലഭിക്കുന്ന സമാഹൃത റിപ്പോർട്ടിന് സമയബന്ധിതമായി കൃത്യമായി തയ്യാറാക്കി നൽകുന്നതിന് മേൽനോട്ടം വഹിക്കുക. (ഫയലുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ സൂക്ഷിക്കേണ്ടതാണ്.)
9. ഓഫീസ് ഓർഡർ രജിസ്റ്റർ, ചാർജ്ജ് കൈമാറ്റ രജിസ്റ്റർ, അനൗദ്യോഗിക കത്തുകൾ / നിയമസഭാ ചോദ്യങ്ങൾ, വിവരാവകാശ രജിസ്റ്റർ, ഓഡിറ്റ് ഇൻസ്പെക്ഷൻ / ഒബ്ജെക്ക്ഷൻ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോക്കൽ പർച്ചേസ് രജിസ്റ്റർ, ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, ടി.ആർ 5 (ബ്ലോക്ക് പഞ്ചായത്ത് രസീത്) സ്റ്റോക്ക് രജിസ്റ്റർ, ടെണ്ടർ ഫോറങ്ങളുടെ വിതരണ രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ കവട്ടേഷൻ രജിസ്റ്റർ, സേവനാവകാശ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ്.
10. വിവരാവകാശ നിയമപ്രകാരമുള്ള അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല, മറുപടി ആർ.റ്റി.ഐ. നിയമപ്രകാരം സമയബന്ധിതമായി നൽകുന്നുവെന്ന് ഉറപ്പുവരുത്തുക. ആർ.റ്റി.ഐ. രജിസ്റ്ററിന്റെ സൂക്ഷിപ്പ് മേൽ നോട്ടം വഹിക്കുക.
11. സേവനാവകാശ നിയമപ്രകാരമുള്ള ചുമതലകൾ, രജിസ്റ്റർ സൂക്ഷിപ്പ്
12. കോടതി/കമ്മീഷനുകൾ/ട്രിബ്യൂണൽ/മറ്റ് നീതിന്യായസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കേസുകളുടെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സ് യഥാസമയം തയ്യാറാക്കി അയയ്ക്കൽ, സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തൽ
13. TR.5 പ്രകാരം പണം സ്വീകരിക്കൽ, ആയത് യഥാസമയം ട്രഷറിയിൽ അടയ്ക്കൽ, തുക ചെലാൻ വഴി അടച്ചതിന്റെ ചെലാൻ സൂക്ഷിക്കുകയും ആയത് ചെലാൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുക
14. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സംബന്ധിച്ച മേൽനോട്ടവും അക്കൗണ്ടുകളുടെ സൂക്ഷിപ്പും.
15. ബ്ലോക്ക് പഞ്ചായത്തുകളിലെ വാഹനങ്ങളുടെ ലോഗ് ബുക്ക്, ഇന്ധന ഉപയോഗം, റിപ്പയർ എന്നിവയുടെ പരിശോധനയും, തുടർ നടപടികളും.
16. ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തികളിൽ ലഭിക്കുന്ന ഇ.എം.ഡി., മറ്റുസെക്യൂരിറ്റി നിക്ഷേപങ്ങൾ എന്നിവ ഭദ്രമായി സൂക്ഷിക്കുകയും ആയത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുക.
17. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ.

18. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലേക്ക് ലഭിക്കുന്ന ചെക്ക്, ഡി.ഡി. മറ്റു നിക്ഷേപങ്ങൾ എന്നിവ സ്വീകരിച്ച് സെക്യൂരിറ്റി രജിസ്റ്ററിൽ രേഖപ്പെടുത്തുക.

രജിസ്റ്ററുകൾ ബുക്കുകൾ

1. ഹാജർ പുസ്തകം
2. കാഷ്വൽ ലീവ് രജിസ്റ്റർ.
3. മൂവ്മെന്റ് രജിസ്റ്റർ
4. ഓഫീസ് ഓർഡർ രജിസ്റ്റർ
5. ചാർജ് കൈമാറ്റ രജിസ്റ്റർ
6. നിയമസഭാ ചോദ്യങ്ങൾ രജിസ്റ്റർ
7. വിവരാവകാശ രജിസ്റ്റർ
8. ഓഡിറ്റ് ഇൻസ്പെക്ഷൻ / ഒബ്ജെക്ഷൻ രജിസ്റ്റർ
9. സ്യൂട്ട് രജിസ്റ്റർ
10. ടി. ആർ. 5/ബ്ലോക്ക് പഞ്ചായത്ത് രസീത് സ്റ്റോക്ക് രജിസ്റ്റർ
11. സാംഖ്യ രശീത് ബുക്ക്
12. ടെണ്ടർ/ക്വട്ടേഷൻ രജിസ്റ്റർ
13. ഡെപ്പോസിറ്റ് രജിസ്റ്റർ.
14. സെക്യൂരിറ്റി രജിസ്റ്റർ
15. ചെലാൻ/പേസ്ലിപ്പ് രിജിസ്റ്റർ.

ഹെഡ് അക്കൗണ്ടിന്റെ ചുമതലകൾ

1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ എല്ലാ അക്കൗണ്ടുകളും (BPFA I, II, III, B,C,D,E,F, IWMP etc.) ഫണ്ടുകളും കൈകാര്യം ചെയ്യൽ, മേൽ നോട്ടം.
2. ജി.ഒ. 66 പ്രകാരം കെസ്മാർട്ടിൽ ഫിനാൻസ് കൈകാര്യം ചെയ്യുക, ചെക്ക്ബുക്കുകൾ സൂക്ഷിക്കുക.
3. തനത് ഫണ്ട് ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളുടെയും ക്യാഷ് ഒഴികെയുള്ള ചെക്കുകൾ/ഡ്രാഫ്റ്റ് കളുടെ വിതരണം, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ചെക്ക്ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ ഡിമാന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കൽ.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ആസ്തി രജിസ്റ്റർ സൂക്ഷിക്കുക. ആസ്തി രജിസ്റ്റർ സൂക്ഷിക്കുക. (സചിത്ര സോഫ്വെയർ വഴി തയ്യാറാക്കിയതിന്റെ പ്രിന്റ്)
5. ഓരോ സെക്ഷനിൽ നിന്നും പേയ്മെന്റ് ഓർഡർ ലഭിക്കുന്ന മുറയ്ക്ക് കണ്ടിജന്റ് ബിൽ തയ്യാറാക്കി ചെക്ക് / ഡിഡി പേമെന്റ് നടത്തുക. ട്രഷറിയിൽ നിന്നും തുക മാറേണ്ട സാഹചര്യത്തിൽ സെക്ഷൻ മുഖേന പേ-ഓർഡർ, ബിൽ ഇവ തയ്യാറാക്കി അക്കൗണ്ടന്റിനു നൽകേണ്ടതും, അക്കൗണ്ടന്റ് ആയത് പ്ലാൻ ട്രഷറി ബിൽ ബുക്ക് സഹിതം ട്രഷറിയിൽ സമർപ്പിച്ച് ആർ.ടി.ജി.എസ്. വഴി വിതരണം നടത്തുകയും ചെയ്യുക. കെസ്മാർട്ടിൽ പേമെന്റ് നടത്തുക. (പ്ലാൻ പ്രോജക്ടുകളുടെ ബില്ലുകളും വൗച്ചറുകളും ഇ-ഗ്രാമ സ്വരാജ് പ്രോജക്ടുകളുകളുടെ ബില്ലുകളും വൗച്ചറുകളും അതാത് പ്ലാൻ പ്രൊജക്ടുകൾക്കൊപ്പം പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന കാർക്ക് സൂക്ഷിക്കേണ്ടതാണ്.
6. എല്ലാ ബാങ്ക്/ട്രഷറി പാസ്സ് ബുക്കുകളും സൂക്ഷിക്കുകയും അക്കൗണ്ടുകൾ പ്രതിമാസം റിക്കൺസിലിയേഷൻ നടത്തുകയും ട്രഷറി/ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ കെസ്മാർട്ടിൽ അപ്ഡേറ്റ് ചെയ്യുക.
7. പദ്ധതി രൂപീകരണത്തിനാവശ്യമായ കണക്കുകൾ നൽകുക. സുലേഖ, സാംഖ്യ തുടങ്ങിയ സോഫ്റ്റ് വെയറുകളിലൂടെ കണക്കുകൾ അപ്ഡേറ്റ് ചെയ്യുക.

8. വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ്, AFS, വാർഷിക ബഡ്ജറ്റ് എന്നിവ യഥാസമയം തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിയുടെ ശുപാർശയോടെ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുക.
9. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ പദ്ധതികളുടെയും പ്രതിമാസ കണക്കുകൾ തയ്യാറാക്കി സമർപ്പിക്കുക. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വിളിച്ച് കൂട്ടുന്നതിൽ സെക്രട്ടറിയെ സഹായിക്കുക.
10. കെസമാർട്ട്/സുലേഖ സംവിധാനത്തിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നൽകുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ Payment details (ചെലവ് വിവരം) കെസ്മാർട്ടിൽ രേഖപ്പെടുത്തുകയും ചെയ്യുക.
11. ത്രൈമാസ ഇൻകം ടാക്സ്, ജി.എസ്.ടി, സ്റ്റേറ്റ്മെന്റ് / റിട്ടേൺ തയ്യാറാക്കി സമർപ്പിക്കൽ. ആയതിന്റെ രേഖ സൂക്ഷിക്കൽ.

രജിസ്റ്ററുകൾ/ബുക്കുകൾ

1. ചെക്ക് ബുക്കുകൾ.
2. ചെക്ക് ഇഷ്യു രജിസ്റ്ററുകൾ.
3. ചെക്ക് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ
4. ആസ്തി രജിസ്റ്റർ.
5. അഡ്വാൻസ് രജിസ്റ്റർ
6. ബജറ്റ് രേഖ
7. ഡപ്പോസിറ്റ് രജിസറ്റർ
8. എ.എഫ്.എസ്.

എ. ക്ലാർക്ക്

1. ജീവനക്കാരുടെ സേവന വേതന കാര്യങ്ങൾ
2. അക്കൗണ്ട് ജനറലിന്റെ (ബി.ഡി.ഒ.) ഓഡിറ്റ് റിപ്പോർട്ട്
3. ബഡ്ജറ്റ് ഡയ്യാറാക്കൽ (എസ്റ്റാബ്ലിഷ്മെന്റ്)
4. ശമ്പളത്തിൽ നിന്നും ഈടാക്കുന്ന ഐ.ടി., എം.ബി.കെ.ബി.വൈ. ഏജന്റ് റെമ്യൂണറേഷൻ ബില്ലിൽ നിന്നുള്ള ഐ.ടി. റിട്ടേൺ ഫയല് ചെയ്യുന്നതിനായി ഡിഡക്ഷന് രജിസ്റ്റർ ഹെഡ് അക്കൗണ്ടന്റിന് യഥാസമയം കൈമാറുക.
5. ശമ്പളത്തിൽ നിന്നും ഈടാക്കുന്ന ആദായനികുതി സംബന്ധിച്ച വിവരങ്ങൾ ഇ-ഫയൽ ചെയ്യുന്നതി നുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഹെഡ് അക്കൌണ്ടന്റിന് ഒപ്പിട്ടു നൽകൽ.
6. ജീവനക്കാരുടെ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സംബന്ധിച്ച ഫയൽ.
7. വകുപ്പിൽ നിന്നുള്ള സ്റ്റേഷനറി/ ഫോറങ്ങൾ എന്നിവ സംബന്ധിച്ച ഫയലുകൾ.
8. ഇ.ടി.സി. ട്രെയിനിംഗ്, കില പരിശീലനം.
9. എം.ബി.കെ.ബി.വൈ. ഏജൻറ് ഫയൽ.
10. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ്.
11. മലയാള ഭാഷ പുരോഗതി ഫയൽ
12. ഓരോ വാടക മുറികളുടെയും എഗ്രിമെന്റ് ഫയൽ.
13. എല്ലാ മാസവും ഒന്നാം തിയ്യതിയിൽ തന്നെ വേക്കൻസി പൊസിഷൻ റിപ്പോർട്ടും, എക്സ് പെന്റിച്ചർ സ്റ്റേറ്റുമെന്റും, മലയാള ഭാഷ പുരോഗതി റിപ്പോർട്ടും. എസ്.സി. / എസ്.ടി. ജീവനക്കാരുടെ വിവരങ്ങളടങ്ങിയ റിപ്പോർട്ടും, പതിനഞ്ചാം തീയ്യതി റീ-കൺസിലിയേഷൻ സ്റ്റേറ്റുമെന്റും പിരിയോഡിക്കലായി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന് ഇ-മെയിൽ വഴി സമർപ്പിക്കേണ്ടതാണ്.

14. ഈ ഓഫീസ് ഉത്തരവുകൾ യഥാസമയം സ്ഥലം മാറി വരുന്ന ഉദ്യോഗസ്ഥർക്ക് രേഖാമൂലം കൈമാറേണ്ടതും കൈപ്പറ്റ് രസീതി വാങ്ങി പ്രത്യേകം സൂക്ഷിക്കേണ്ടതും എ സെക്ഷന്റെ ഉത്തരവാദിത്വമാണ്.

രജിസ്റ്ററുകൾ

1. സേവന പുസ്തകങ്ങൾ
2. സേവന പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ
3. ഇൻക്യുബൻസി രജിസ്റ്റർ
4. ശമ്പള ബിൽ രജിസ്റ്റർ
5. രജിസ്റ്റർ ഓഫ് ഇൻക്രിമെന്റ്
6. വകുപ്പിൽ നിന്നും ലഭിക്കുന്ന സ്റ്റേഷനറി / ഫോറങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ
7. സാലറി സർട്ടിഫിക്കറ്റ് രജിസ്റ്റർ
8. എൽ.പി.സി. രജിസ്റ്റർ
9. അലോട്ട്മെന്റ് രജിസ്റ്റർ (എൻ.പി.)
10. ശമ്പള അബ്സ്ട്രാക്ട് രജിസ്റ്റർ
11. പേഴ്സണൽ രജിസ്റ്റർ
12. ജി.പി.എഫ്./എൻ.ആർ.എ. പിൻവലിക്കൽ രജിസ്റ്റർ.
13. ജി.ഐ.എസ് ക്ലോഷർ രജിസ്റ്റർ
14. വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ.
15. വകുപ്പിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് / ഇഷ്യൂ രജിസറ്റർ.
16. വാടക മുറികളുടെ എഗ്രിമെന്റ് രജിസ്റ്റർ.
17. സാലറി ഡിഡക്ഷൻ രജിസ്റ്റർ

ബി. ക്ലാർക്ക്

1. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി
2. എം.പി.ഫണ്ട്/പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി എന്നീ പ്രവൃത്തികളിൽ നിന്നുള്ള നിയമാനുസൃത കിഴിവുകൾ (IT/GST/KCWWF) നടത്തി പ്രത്യേകം ഡിഡക്ഷൻ രജിസ്റ്ററില് രേഖപ്പെടുത്തുക. റിട്ടേൺ ഫയല് ചെയ്യുന്നതിനായി ഡിഡക്ഷന് രജിസ്റ്റര് ഹെഡ് അക്കൌണ്ടന്റിന് കൈമാറുക
3. നബാർഡ് പദ്ധതി/ നബാർഡ് പദ്ധതിയുമായുള്ളയുമായുള്ള കേസ് ഫയൽ
4. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങുന്ന രജിസ്റ്ററുകളുടെയും ഫോറങ്ങളുടെയും ഫയൽ
5. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ ഓണറേറിയം. സിറ്റിംഗ് ഫീ, യാത്രാബത്ത ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്ത് എസ്റ്റാബ്ലിസ്മെന്റ്.
6. ജനറൽ പർപ്പസ് ഫണ്ട്/ തനതു ഫണ്ട്.
7. ഓഫീസ് വാഹനം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യൽ, ലോഗ് ബുക്ക് പരിശോധന.
8. പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യൽ.
9. ഫോർ ദി പീപ്പിൾ പരാതി പരിഹാര ഫയൽ
10. മുഖ്യമന്ത്രിയുടെ പരാതി പരിഹാര ഫയൽ
11. ബി.പി.എൽ.
12. ഹാൾ അലോട്ട്മെന്റ്.
13. എം.എൽ.എ. ഫണ്ട്.

14. സുസ്ഥിരവികസന പരിപാടി.
15. സാമൂഹിക സാമ്പത്തിക ജാതി സെൻസസ്.
16. വില്പനയ്ക്കു ലഭിക്കുന്ന സ്റ്റാമ്പുകൾ
17. ലോക്കൽ പർച്ചേസ്
18. സമ്പൂർണ്ണ ശുചിത്വം - സ്വച്ഛ് ഭാരത് അഭിയാൻ.

രജിസ്റ്ററുകൾ

1. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, നബാർഡ്, എം.പി. ഫണ്ട് എന്നിവയുടെ എഗ്രിമെന്റ് രജിസ്റ്റർ
2. എം.എൽ.എ (എസ്.ഡി.എഫ്) / പ്രകൃതിക്ഷോഭ ദുരിതാശ്വാസ/ നബാർഡ് /എം.പി.ഫണ്ട് എന്നിവയിൽ കീഴിലെ മരാമത്ത് പണികളുടെ വർക്ക് രജിസ്റ്റർ.
3. ഫോറങ്ങൾ / രജിസ്റ്ററുകൾ & ഗ്രാമലക്ഷ്മി മുദ്രാലയം എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ.
4. വില്പനയ്ക്കുള്ള സ്റ്റാമ്പുകളുടെ ഇഷ്യൂ റജിസ്റ്റർ
5. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് ഇഷ്യൂ റജിസ്റ്റർ
6. തനതു ഫണ്ടിൽ നിന്നും ലോക്കലായി വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് ഇഷ്യൂ റജിസ്റ്റെർ.
7. പേഴ്സണൽ രജിസ്റ്റർ
8. വെഹിക്കിൾ ഹിസ്റ്ററി രജിസ്റ്റർ
9. ടെലിഫോൺ/ ഇലക്ട്രിസിറ്റി ഒടുക്കുന്നത് സംബന്ധിച്ച രജിസ്റ്റർ
10. ജി.എസ്.ടി./ഐ.ടി. ഡിഡക്ഷൻ രജിസ്റ്റർ.
11. ലോക്കൽ പർച്ചേസ് രജിസ്റ്റർ.
12. എഗ്രിമെന്റ് രജിസ്റ്റർ.

സി. ക്ലർക്ക്

1. പ്ലാൻ സെക്ഷൻ ഫയൽസ്
2. പ്രൊജക്ട് ഫയലുകൾ
3. ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിക്കുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടുകളും സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളും.
4. പ്ലാൻ പ്രോജക്ട് ബിൽ, ഇ-ഗ്രാമ സ്വരാജ് എന്നീ ബില്ലിൽ നിന്നുള്ള ഐ.ടി. നിയമാനുസൃത കിഴിവുകൾ (IT/GST/KCWWF) നടത്തി ഡി സെക്ഷനിലുള്ള ഡിഡക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുക. റിട്ടേൺ ഫയല് ചെയ്യുന്നതിനായി ഡിഡക്ഷന് രജിസ്റ്റർ ഹെഡ് അക്കൗണ്ടന്റിന് യഥാസമയം കൈമാറുക.
5. പി.എം.ജെ.വി.കെ.
6. ഇലക്ഷൻ.
7. ഇന്ദിരാ ആവാസ് യോജന/പി.എം.എ.വൈ. (ജി)/ ലൈഫ്
8. സേവനാവകാശ നിയമം
9. ബി.പി.എൽ.
10. കേരളോത്സവം
11. എല്ലാമാസവും ഒന്നാം തിയ്യതിയിൽ തന്നെ സേവനാവകാശ നിയമ റിപ്പോർട്ടും, എല്ലാമാസവും പതിനഞ്ചാം തിയ്യതിയിൽ തന്നെ എംപവേർഡ് കമ്മിറ്റി റിപ്പോർട്ട് (കേസ് ഫയൽ) പിരിയോഡിക്കലായി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന് ഇ-മെയിൽ വഴി സമർപ്പിക്കേണ്ടതാണ്.

രജിസ്റ്ററുകൾ

1. പ്ലാൻ - പ്രോജക്ട് രജിസ്റ്റർ
2. നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ ഇൻക്യുബൻസി രജിസ്റ്റർ
3. പി.എം.എ.വൈ. രജിസ്റ്റർ
4. പ്ലാൻ ഫണ്ടിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ പർചേസ് സ്റ്റോക്ക് ഇഷ്യൂ റെജിസ്റ്റെർ
8. പേഴ്സണൽ രജിസ്റ്റർ

ടൈപ്പിസ്റ്റ്

1. സെക്ഷനുകളിൽ നിന്നും മറ്റ് സീറ്റുകളിൽ നിന്നും ലഭിക്കുന്ന ഓഫീസ് രേഖകൾ ടൈപ്പ് ചെയ്ത് നൽകൽ.
2. തപാലുകൾ കെസ്മാർട്ട് സംവിധാനത്തിലൂടെ സെക്ഷനുകൾക്ക് കൈമാറൽ.
3. ഓഫീസ് രേഖകൾ ഡെസ്പാച്ച് ചെയ്യൽ.
4. റിക്കാർഡ് റും ചുമതലക്കാരൻ.
5. ഇ മെയിൽ വരുന്ന മുറയ്ക്ക് പ്രിന്റ് എടുത്ത് സെക്രട്ടറിക്ക് സമർപ്പിക്കൽ.

രജിസ്റ്ററുകൾ

1. ഡെസ്പാച്ച് രജിസ്റ്റർ
2. റെക്കോർഡ് റൂം രജിസ്റ്റർ
3. റെക്കോർഡ് മൂവ്മെന്റ് രജിസ്റ്റർ
4. ലോക്കൽ ഡെലിവറി രജിസ്റ്റർ

ഓഫീസ് അറ്റൻഡന്റ് I

1. ഓഫീസ് കൃത്യസമയത്ത് തുറക്കുന്നതും അടക്കുന്നതും
2. അടിയന്തിര തപാലുകൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുക.
3. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റികളെ സംബന്ധിച്ച വിവരങ്ങളും ബ്ലോക്ക് പഞ്ചായത്ത് വിളിച്ചു കൂട്ടുന്ന മറ്റു യോഗങ്ങളുടെ വിവരങ്ങളും ബന്ധപ്പെട്ടവരെ ഫോൺ മുഖാന്തിരം അറിയിക്കുക
4. ഫോട്ടോസ്റ്റാറ്റ് കോപ്പി എടുക്കലും, ഫോട്ടോസ്റ്റാറ്റ് മെഷീന്റെ കൃത്യമായ പരിപാലനവും
5. റിക്കോർഡ് റൂം ഫയലുകൾ നിർദേശ പ്രകാരം റെക്കോർഡ് റൂമിൽ നിന്നും എടുക്കുക.
6. ബി.ഡി.ഒ നിർദേശിക്കുന്ന മറ്റ് ജോലികൾ.

ഓഫീസ് അറ്റൻഡന്റ് II

1. ഓഫീസ് കൃത്യസമയത്ത് തുറക്കുന്നതും അടക്കുന്നതും
2. ട്രഷറി, ബേങ്ക് ഇടപാടുകൾ
3. ഫോട്ടോസ്റ്റ് കോപ്പി എടുക്കലും, ഫോട്ടോസ്റ്റാറ് മെഷീന്റെ കൃത്യമായ പരിപാലനവും. ' ആവശ്യമായ സമയങ്ങളിൽ ജനറേറ്റർ പ്രവർത്തിപ്പിക്കുക. മെഷീൻ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുക. ജനറേറ്റർ ഫ്യുവൽ കൺസംപ്ഷൻ രജിസ്റ്റർ സൂക്ഷിക്കുക.
5. ബി.ഡി.ഒ. നിർദേശിക്കുന്ന മറ്റ് ജോലികൾ.

മാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്

1. അക്രഡിറ്റഡ് എഞ്ചിനിയർ.

1. ഗ്രാമപഞ്ചായത്തുകളിലെ തൊഴിലിടങ്ങളിൽ ചെന്ന് നൂറു ശതമാനവും പരിശോധന നടത്തേണ്ടതാണ്.
2. സെക്യൂർ എസ്റ്റിമേറ്റ് പരിശോധന

3. പഞ്ചായത്തുകളിലെ ലേബർ ബഡ്ജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ പരിശോധന നടത്തി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കുക
4. GEO MGNREGA സോഫ്റ്റ് വെയറിൽ ഫോട്ടോവർക്ക് പരിശോധന
5. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിശോധന നടത്തുക., ബി.പി.ഒ.ക്ക് റിപ്പോർട്ടു നൽകുക.
6. ബി.പി.ഒ.യുടെ നിർദ്ദേശാനുസരണം അവലോകന യോഗങ്ങളിൽ പങ്കെടുക്കുക.
7. ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയരില്ലാത്ത അവസരങ്ങളിൽ ബി.പി.ഒ.യുടെ നിർദേശാനുസരണം ചെക്ക് മെഷർ ചെയ്യുക.
8. മസ്റ്റർ റോൾ റിക്വസ്റ്റ്, ആക്ഷൻ പ്ലാൻ എന്നിവ പരിശോധിക്കുക
9. മാസാദ്യം തന്നെ അഡ്വാൻസ്, ഫൈനൽ ടൂർ ഡയറി ബി.പി.ഒ.യ്ക്ക് കൈമാറേണ്ടതും അംഗീകാരം വാങ്ങേണ്ടതുമാണ്.
10. ഓഫീസിൽ വന്ന് സൈറ്റിൽ പോകേണ്ടുന്ന സന്ദർഭങ്ങളിൽ ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതും ആയതിനുശേഷം മൂവ്മെന്റ് രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തി മാത്രം യാത്ര ചെയ്യേണ്ടതുമാണ്.
11. ഓഫീസിൽ വരാതെ വിവിധ വർക്ക് സൈറ്റുകളിലോ യോഗങ്ങളിലോ ഹാജരാകേണ്ട സാഹചര്യങ്ങളിൽ ഹാജർ പുസ്തകത്തിൽ വിവരം രേഖപ്പെടുത്തുന്നതിനായി ഹെഡ് ക്ലർക്കിനെ തലേ ദിവസം തന്നെ അറിയിക്കേണ്ടതാണ്.

എ.ഐ.ടി.എ.

1. ആക്ഷൻ പ്ലാൻ പരിശോധിച്ച് മസ്റ്റർ റോൾ പ്രിന്റ് എടുക്കുക.
2. മസ്റ്റർ റോൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുക.
3. ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമായ ഫണ്ട് വിവരം കൺസോളിഡേറ്റ് ചെയ്ത് ബന്ധപ്പെട്ട ഓഫീസിലേക്ക് അനുമതിക്കായി അറിയിക്കുക.
4. തൊഴിലു പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ ആഫീസുകളിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും വാങ്ങി മറുപടി സമർപ്പിക്കൽ.
5. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ ഇ-മെയിലുകളും ഇ-മെയിൽ രജിറ്ററിൽ വരവ് വെക്കേണ്ടതും മറുപടി നൽകിയ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.
6. എം.ഐ.എസ്. ഇ.എഫ്.എം.എസ്. എന്നിവ അതാതുകാലത്തെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുക.
7. ഗ്രാമപഞ്ചായത്തുകളുടെ ആക്ഷൻ പ്ലാൻ, ലേബർ ബഡ്ജറ്റ് എന്നിവ ബന്ധപ്പെട്ട ഘടകങ്ങളുടെ അംഗീകാരത്തിന് വിധേയമാക്കി ജില്ലാ ആഫീസിലേക്ക് സമർപ്പിക്കുക
8. ബി.പി.യുടെ നിർദ്ദേശാനുസരണം മാത്രം അവലോകന യോഗങ്ങളിൽ പങ്കെടുക്കുക
9. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകൾ കൃത്യമായി ഫയലിൽ സ്വീകരിക്കുക, ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി മറുപടി തയ്യാറാക്കുക.
10. തൊഴിലാളികളുടെ ആധാർ, അക്കൗണ്ട് വിവരങ്ങൾ അടങ്ങിയ രേഖകൾ കൃത്യമായി പരിശോധിച്ച സോഫ്റ്റ് വെയറിലും രജിസ്റ്ററിലും രേഖപ്പെടുത്തുക.
11. ടൈപ്പിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ബ്ലോക്ക് പഞ്ചായത്തിന്റെ മിനുട്സ് സകർമ്മ സോഫ്റ്റ്വെയറിൽ എക്സ്റ്റൻഷൻ ഓഫീസർ (പി & എം) മേൽനോട്ടത്തിൽ ടൈപ്പ് ചെയ്ത് അപ്ലോഡ് ചെയ്യുക.
12. ടൈപ്പിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ബ്ലോക്ക് പഞ്ചായത്തിന്റെ മിനുട്സ് വിവരങ്ങൾ എക്സ്റ്റൻഷൻ ഓഫിസർ (പി.& എം.) ന്റെ മേൽനോട്ടത്തിൽ ലെറ്റർ പാഡിൽ പ്രിന്റ് എടുത്ത് നൽകുക

13. ടൈപ്പിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം വാർഷിക പദ്ധതി സുലേഖ സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്യുന്നതിന് എക്സ്റ്റൻഷൻ ഓഫീസർ (പി.&.എം)ന്റെ മേൽനോട്ടത്തിൽ ഡാറ്റാ എൻട്രി ചെയ്യുക.
14. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട തപാലുകൾ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ നിന്നും നേരിട്ട് കൈപ്പറ്റേണ്ടതും പേഴ്സണൽ രജിസ്റ്ററിന്റെ മാതൃകയിൽ ഒരു തപാൽ രജിസ്റ്റർ തയ്യാറാക്കി തപാലിന്റെ വിവരങ്ങൾ എൻട്രി ചെയ്യുകയും മറുപടി കൊടുത്തത് രേഖപ്പെടുത്തി ഫയലായി സൂക്ഷിക്കേണ്ടതുമാണ്.
15. ഓഫീസ് ടൈപ്പിസ്റ്റ് അവധിയിലായിരിക്കുന്ന സന്ദർഭങ്ങളിൽ പ്രത്യേക അറിയിപ്പ് കൂടാതെ തന്നെ ഓഫീസ് ഫയലുകൾ സമയബന്ധിതമായി ടൈപ്പ് ചെയ്ത് പ്രിന്റ് കോപ്പി ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

പ്രൊജക്ട് അസിസ്റ്റന്റ്

1. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുഴുവൻ കണക്ക് ഇടപാടുകളും റികൺസിലിയേഷൻ, ഫണ്ട് കൈമാറ്റം.
2. ഇ-ഗ്രാമ സ്വരാജ് പോർട്ടലിൽ യഥാസമയം ഉണ്ടാകുന്ന അപ്ഡേഷനുകളും ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് അപേക്ഷ വരുന്ന മുറയ്ക്ക് ഡിജിറ്റൽ സിഗ്നേച്ചർ ആക്ടിവേറ്റ് ചെയ്യുക, പ്രൊഫൈൽ അപ്രൂവ് ചെയ്യുക.
3. ധനകാര്യ കമ്മീഷൻ പ്രവൃത്തികളുടെ ജിയോ ടാഗ് ചെയ്യുക. ഫോൺ സൂക്ഷിക്കുക.
4. സെക്രട്ടറി ഏൽപ്പിക്കുന്ന മറ്റ് ഓഫീസ് പ്രവർത്തനങ്ങളിൽ സഹായിക്കുക.

പാർട്ട്ടൈം സ്വീപ്പർ

1. ഓഫീസിൽ രാവിലെ 8 മണിക്ക് ഹാജരാവുകയും ഓഫീസിനകവും സെക്രട്ടറി, എക്സ്റ്റൻഷൻ ഓഫീസർമാരുടെ മുറികൾ, മിനികോൺഫറൻസ് ഹാൾ, എൻ.ആർ. ഇ. ജി.എസ്.സെൽ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ മുറികൾ, വരാന്ത. ബന്ധപ്പെട്ടു കിടക്കുന്ന ശൗചാലയങ്ങൾ എന്നിവ ഓരോ ദിവസവും വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്.
2. ബോർഡ് യോഗം നടക്കുന്ന ദിവസങ്ങളുടെ തലേന്നു തന്നെ കോൺഫറൻസ് ഹാളും ജനാലകളും കഴുകി വൃത്തിയായി വെയ്ക്കേണ്ടതാണ്.
3. ഓഫീസിനകത്തും കോൺഫറൻസ് ഹാളിലും വരാന്തകളിലും ചുമരിൽ കാണുന്നതും ജനാലയ്ക്കിടയിലുള്ള മുഴുവൻ മാറാലയും തുടച്ചു നീക്കേണ്ടതാണ്.
4. ഓഫീസ് പരിസരവും മുറ്റവും ദൈനംദിനം വൃത്തിയാക്കി സൂക്ഷിക്കുക
5. ഓഫീസ് അറ്റന്റന്റ് ഇല്ലാത്ത ദിവസങ്ങളിൽ പകരം ജോലി ചെയ്യുക.

I ബ്ലോക്ക് പഞ്ചായത്തിലെ മറ്റു സ്ഥാപനങ്ങളിലെ ഓഫീസ് സംവിധാനം

1. സംയോജിത ശിശുവികസന പദ്ധതി ഓഫീസ് നീലേശ്വരം

ഈ ഓഫീസിനു കിഴിൽ ഒരു ശിശുവികസന പദ്ധതി പ്രോജക്ട് ഓഫിസറും നാല് സൂപ്പർവൈസറും 1 സീനിയർ ക്ലർക്കും, ഒരു ടൈപിസ്റ്റും, 1 ഓഫീസ് അറ്റന്റന്റും ഒരു പാർട്ട് ടൈം സ്വീപ്പറും ജോലി ചെയ്തു വരുന്നു.

2. സംയോജിത ശിശുവികസന പദ്ധതി ഓഫീസ്, നീലേശ്വരം അഡീഷണൽ, പടുവളം, പിലിക്കോട്

ഈ ഓഫിസിനു കീഴിൽ ഒരു ശിശു വികസന പദ്ധതി ഓഫീസർ, നാല് സൂപ്പർവൈസർ, ഒരു ടൈപ്പിസ്റ്റ്, ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റന്റന്റ് എന്നിവർ ജോലി ചെയ്തുവരുന്നു

3. ഡയറി എക്സ്റ്റൻഷൻ ഓഫീസർ, നീലേശ്വരം

ഈ ഓഫീസിനു കീഴിൽ ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസറും, ഒരു ഡയറി ഫാം ഇൻസ്ട്രക്ടറും, ഒരു ക്ലർക്കും ഓഫീസ് അറ്റന്റന്റും പ്രവർത്തിക്കുന്നു.

4. **കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെറുവത്തൂർ**

ഈ സ്ഥാപനത്തിനു കീഴിൽ താഴെ പറയും പ്രകാരമുള്ള തസ്തികകൾ ഉണ്ട്.

സിവിൽ സർജൻ 1, അസിസ്റ്റന്റ് സർജൻ 4, ഡെന്റൽ അസിസ്റ്റന്റ് സർജ്ജൻ-1, സ്റ്റാഫ് നഴ്സ് ഗ്രേഡ് 1-2, സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2-2, ഫാർമസിസ്റ്റ് 1 , ലാബ് ടെക്നിഷ്യൻ 1, നേഴ്സിംഗ് അസിസ്റ്റന്റ് 2, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 1-1, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2-2, ക്ലർക്ക് / സീനിയർ ക്ലർക്ക് 1, ഓഫീസ് അറ്റന്റന്റ് 1, പാർട്ട് ടൈം സ്വീപ്പർ 1, ഹെൽത്ത് ഇൻസ്പക്ടർ 1, ജൂനിയർ എച്ച്. ഐ. ഗ്രേഡ് 1-1, 2, ജൂനിയർ എച്. ഐ. ഗ്രേഡ് 2-2, പബ്ലിക് ഹെൽത്ത് നേഴ്സ് 1, ജെ.പി.എച് എൻ ഗ്രേഡ്1.- 2, ജെ.പി.എച്ച്.എൻ ഗ്രേഡ്2.- 2.

5. **താലൂക്ക് ഹോസ്പിറ്റൽ, തൃക്കരിപ്പൂർ**

ഈ സ്ഥാപനത്തിനു കീഴിൽ താഴെ പറയും പ്രകാരമുള്ള തസ്തികകൾ ഉണ്ട്.

ജൂനിയർ കൺസൾട്ടന്റ്: അനസ്തേഷ്യ 1, ഗൈനക്കോളജിസ്റ്റ് 2, ഓർത്തോ 1, പീഡിയാട്രീഷൻ 1, അസിസ്റ്റന്റ് സർജൻ 5, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ2, ഡെന്റൽ അസിസ്റ്റന്റ് സർജൻ 1, ഫാർമസിസ്റ്റ് 2, ലാബ് ടെക്നിഷ്യൻ 3, ഹെഡ് നേഴ്സ് 3, നഴ്സിംഗ് ഓഫീസർ 6, നഴ്സിംഗ് അസിസ്റ്റന്റ് 4, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I-1, ഗ്രേഡ് II-4, ക്ലർക്ക് 1, പി.ടി.എസ്. 1, ഓഫീസ് അറ്റന്റന്റ് 1.

6. **പട്ടികജാതി വികസന ഓഫീസ് നിലേശ്വരം**

ഈ സ്ഥാപനത്തിനു കീഴിൽ താഴെ പറയും പ്രകാരമുള്ള തസ്തികകൾ ഉണ്ട്. പട്ടികജാതി വികസന ഓഫീസർ 1, ക്ലർക്ക് 1, സി.എൽ.ആർ. 1, പ്രൊമോട്ടേസ് 9.

7. **പട്ടിക വർഗ്ഗ വികസന ഓഫീസ്, നീലേശ്വരം**

ഈ സ്ഥാപനത്തിന് കീഴിൽ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ഒരു മാനേജ്മെന്റ് ട്രെയിനി 11 പ്രൊമോട്ടേഴ്സ് എന്നീ തസ്തികകൾ ഉണ്ട്.

8. **കൃഷി അസിസ്റന്റ് ഡയറക്ടർ ഓഫീസ്, നീലേശ്വരം**

കൃഷി അസിസ്റ്റന്റ് ഡയറക്ടറും രണ്ട് ക്ലർക്കും ഒരു പാർട് ടൈം സ്വീപ്പറും ഉൾപ്പെടുന്ന ഓഫീസ് സംവിധാനമാണ് ഈ ഓഫീസിൽ ഉള്ളത്.

9. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ്ബ് ഡിവിഷൻ ഓഫീസ്, നീലേശ്വരം**

ഈ ഓഫീസിനു കീഴിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് ഡ്രാഫ്റ്റ്സ്മാൻ, ഓഫീസ് അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ, ക്ലർക്ക് എന്നീ തസ്തികകളുണ്ട്.

10. **ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിലേശ്വരം**

ഈ ഓഫീസിൽ ഒരു ഐ.ഇ.ഒ. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഉണ്ടാകുന്നതാണ്.

11. **തുടർ വിദ്യാകേന്ദ്രങ്ങൾ:** സമ്പൂർണ്ണ സാക്ഷരതയ്ക്കു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ മേൽ നോട്ടത്തിൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയിൽ വികസന വിദ്യാകേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്തി പ്രസിഡണ്ട് ചെയർമാനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കോ-ഓർഡിനേറ്ററുമായി ബ്ലോക്ക് സാക്ഷരതാ മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രേരക്, അസിസ്റ്റന്റ് പ്രേരക് മാർക്കാണ് തുടർവിദ്യാകേന്ദ്രങ്ങളുടെ ചുമതല. ഒളവറ വികസന വിദ്യാകേന്ദ്രത്തിൽ എസ്.എസ്.എൽ.സി., +12, തുല്യതാ പരീക്ഷ തൊഴിൽ പരിശീലനം എന്നിവ നടത്തി വരുന്നു.

ബ്ലോക്ക് പഞ്ചായത്ത്. ഉത്തരവാദിത്വവും ചുമതലകളും
(172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടിക)

എ. പൊതുവായ ചുമതലകൾ

1. ബ്ലോക്ക് തലത്തിൽ സർക്കാരിതര സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുക.
2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ്, ഫോർവേർഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

ബി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

1 കൃഷി

1. ഗ്രാമീണതലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.
2. ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിർദേശങ്ങൾ ഏർപ്പെടുത്തുക.
3. കാർഷിക പ്രദർശനങ്ങൾ നടത്തുക.
4. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക.
5. കാർഷിക വായ്പ സ്വരൂപിക്കുക
6. പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.

മൃഗസംരക്ഷണവും ക്ഷീരോല്പാദനവും

1 വെറ്റിനറി പോളി ക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക

2 മൃഗസംരക്ഷണത്തിൽ വിദഗ്ദ്ധ സേവനം നൽകുക

3. കന്നുകാലി - കോഴി പ്രദർശനങ്ങൾ നടത്തുക.

III ചെറുകിട ജലസേചനം

ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേജന പദ്ധതികളും നടപ്പിലാക്കുകയും പരിപാലിക്കുകയും ചെയ്യുക.

IV മത്സ്യബന്ധനം

പരമ്പരാഗത കടവുകളുടെ വികസനം

V ചെറുകിട വ്യവസായം

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
2. എസ്.എസ്.ഐ.യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടു കൂടിയുള്ള വവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക,

VI ഭവനനിർമ്മാണം

1. ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രചരിപ്പിക്കുക.
2. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.

VII വിദ്യുച്ഛക്തിയും ഊർജ്ജവും

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക.

VIII വിദ്യാഭ്യാസം

സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്

IX പൊതുമരാമത്ത്

1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റു റോഡുകളും പരിപാലിക്കുക
2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.

X പൊതുജനാരോഗ്യവും ശുചീകരണവും

ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

XI സാമൂഹ്യക്ഷേമം

ഐ.സി.ഡി.എസ് കേന്ദ്രങ്ങൾ നടത്തുക.

XII ദാരിദ്ര്യ നിർമ്മാർജ്ജനം

1. ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.
2. പാവപ്പെട്ടവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പികയും ദാരിദ്ര്യ രേഖക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടുകൂടിയ തൊഴിൽ നൽകുകയും ചെയ്യുക.

XIII പട്ടികജാതി പട്ടികവർഗ്ഗ വികസനം

1 പ്രീ-മെട്രിക് ഹോസ്റ്റലുകൾ നടത്തുക

2. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക

XIV സഹകരണം

1. ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക
2. സഹകരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക

ജനപ്രതിനിധികളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

പ്രസിഡണ്ടിന്റെ അധികാരങ്ങൾ, ചുമതലകൾ

- പഞ്ചായത്തിന്റെ മുഖ്യ കാര്യ നിർവ്വഹണാധികാരം പ്രസിഡണ്ടിൽ നിക്ഷിപ്തമാണ്
- പഞ്ചായത്ത് യോഗങ്ങൾ വിളിച്ച് ചേർക്കുക.
- പഞ്ചായത്ത് പാസ്സാക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുക.
- പഞ്ചായത്തിന്റെ യോഗത്തിൽ അധ്യക്ഷത വഹിക്കുക, നിയന്ത്രിക്കുക.
- കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥരടക്കം എല്ലാ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പ്രവൃത്തികൾക്ക് പൊതു മേൽനോട്ടം വഹിക്കുക.
- അവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുക.
- പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും തിരികെ കൊടുക്കലും അധികൃതമാക്കുക.

എന്നിവ പ്രസിഡന്റിന്റെ ചുമതലകളാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ജില്ലാ പഞ്ചായത്തിലെ വോട്ടവകാശമുള്ള മെമ്പറാണ്. കൈമാറിയ ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഹാജർ പഞ്ചായത്ത് യോഗങ്ങളിൽ ഉറപ്പാക്കുന്നതിനും, ആവശ്യമായ സന്ദർഭങ്ങളിൽ സെക്രട്ടറി, ഗസറ്റഡ് ഉദ്യോഗസ്ഥർ എന്നിവർ ഒഴികെ മറ്റുള്ളവരെ കൃത്യ വിലോപത്തിനോ ആജ്ഞാലംഘനത്തിനോ പഞ്ചായത്തിന് വേണ്ടി സസ്പെന്റ് ചെയ്യുന്നതിനും പ്രസിഡണ്ടിന് അധികാരം ഉണ്ട്. സസ്പെൻഷൻ തൊട്ടടുത്ത കമ്മിറ്റിയിൽ അംഗീകരിക്കണം.

സെക്രട്ടറിയിൽ നിന്നോ മറ്റ് ഉദ്യോഗസ്ഥരിൽ നിന്നോ പഞ്ചായത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട ഏതു ഫയലും റെക്കോർഡും ആവശ്യപ്പെടുന്നതിനും ഉത്തരവ് നൽകുന്നതിനും പ്രസിഡണ്ടിന് അധികാരം ഉണ്ട്. എന്നാൽ സെക്രട്ടറിയുടെ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളിൽ പ്രസിഡണ്ടിന് ഇടപെടാവുന്നതല്ല.

ആക്റ്റ് പ്രകാരം സെക്രട്ടറിക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ തീരുമാനം എടുക്കുന്നതിന് നിയമം പ്രത്യേകം അനുവദിക്കാത്ത എല്ലാ ഫയലുകളിലും കാര്യ നിർവ്വഹണാധികാരം പ്രസിഡണ്ടിന് ആയതിനാൽ പ്രസിഡണ്ടിന്റെ ഉത്തരവ് ആവശ്യമാണ്. പ്രസിഡന്റ് ഒരു മുഴുവൻ സമയ കാര്യ നിർവ്വഹണാധികാരി കൂടിയാണ്. മേൽ പറഞ്ഞ കാര്യങ്ങൾ കൂടാതെ താഴെപറയുന്ന ദൈനംദിന പ്രവൃത്തികളുടെ ചുമതലകളും പ്രസിഡണ്ടിൽ നിക്ഷിപ്തമാണ്.

- തപാലുകൾ യഥാസമയം പരിശോധിച്ച് അനന്തര നടപടികൾക്ക് നിർദ്ദേശം നൽകുക. ഫയലുകളിൽ ആവശ്യമായ ഉത്തരവ് / നിർദ്ദേശങ്ങൾ നൽകുക.
- നിശ്ചിത പരിധിയിൽ കവിയാതെയുള്ള കണ്ടിജൻസി ചെലവുകൾ ചെയ്യുന്നതിന് സെക്രട്ടറിക്ക് ഉത്തരവ് / നിർദ്ദേശം നൽകുക.
- പഞ്ചായത്ത് കമ്മിറ്റി നിരോധിച്ചിട്ടില്ലാത്ത ഏതുകാര്യത്തിനും അടിയന്തിര സാഹചര്യത്തിൽ നിയമനാനുസൃതമായി പഞ്ചായത്തിന് ഫണ്ട് ഉപയോഗിക്കാൻ രേഖാമൂലമായ നിർദ്ദേശം നൽകുക. (ഇത് അടുത്ത കമ്മിറ്റിയിൽ അംഗീകരിക്കാതിരിക്കുന്ന പക്ഷം ചെലവഴിച്ച് സംഖ്യക്ക് പ്രസിഡന്റ് മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.
- പഞ്ചായത്ത് പാസ്സാക്കിയ തീരുമാനങ്ങൾ പ്രമേയങ്ങൾ നിയമാനുസൃതമല്ലെന്നോ നിയമപരിധി കവിഞ്ഞതാണെന്നോ, നടപ്പിലാക്കിയാൽ പൊതുജനരക്ഷയ്ക്ക് അപകടകരമായേക്കാവുന്ന താണെന്നോ കരുതുന്നുവെങ്കിൽ അത് സർക്കാറിലേക്ക് പ്രസിഡണ്ടിന് റഫർ ചെയ്യാവുന്നതാണ്.
- പഞ്ചായത്ത് യോഗത്തിലെ ചോദ്യങ്ങൾക്ക് അനുമതിയും പ്രമേയങ്ങൾക്ക് അവതരണാനുമതിയും നൽകുക. യോഗത്തിൽ ക്രമപ്രശ്നങ്ങൾക്ക് തീരുമാനം എടു ക്കുക. സെക്രട്ടറി സമർപ്പിക്കുന്ന കരട് യോഗ നടപടിക്കുറിപ്പ് 24 മണിക്കൂറിനകം പരിശോധിച്ച് തീരുമാനങ്ങൾ ഉറപ്പുവരുത്തി അംഗീകരിച്ച് നൽകുക.
- സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുക. (എന്നാൽ വോട്ടവകാശം ഇല്ല)
- ബഡ്ജറ്റ് അവതരിപ്പിക്കുന്ന യോഗത്തിൽ ആമുഖ പ്രസംഗം നടത്തുക.
- സ്റ്റിയറിംഗ് കമ്മിറ്റി പ്രവർത്തനകമിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ വിളിച്ച് കൂട്ടുകയും അദ്ധ്യക്ഷം വഹിക്കുകയും ചെയ്യുക.
- ഉപതെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗത്തിനും പൊതു തെരഞ്ഞെടുപ്പിൽ യഥാസമയം പ്രതിജ്ഞ എടുക്കാൻ കഴിയാതെ വരുന്ന അംഗത്തിനും പ്രസിഡണ്ടിനു മുമ്പാകെ സത്യപ്രതിജ്ഞ എടുക്കുന്നതിന് അവസരം നൽകുക.
- പഞ്ചായത്തുകളുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് മെയ്മാസം 15-ാം തീയ്യതിക്ക് മുമ്പായി ഓഫീസർമാർക്ക് അയച്ച് നൽകുക. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാൽ പഞ്ചായത്തിന്റെ അടുത്തയോഗത്തിൽ നടപടിക്കായി സമർപ്പിക്കുക.
- വൈസ്പ്രസിഡണ്ട്, സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ യാത്രാപ്പടി ബില്ലുകൾ സൂക്ഷ്മ പരിശോധന നടത്തി പാസ്സാക്കുക.
- യോഗങ്ങളിൽ വോട്ടെടുപ്പ് വേണ്ടിവരുന്ന സന്ദർഭങ്ങളിൽ തുല്യ വോട്ട് വരുന്ന പക്ഷം കാസറ്റിംഗ് വോട്ടുകൂടി രേഖപ്പെടുത്തുക.
- മരാമത്ത് പണികൾ ടെണ്ടർ ചെയ്യുന്നതിനും എല്ലാവിധ കരാറുകളിൽ പ്രവേശിക്കുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകുക.

വൈസ് പ്രസിഡണ്ടിന്റെ ചുമതലകളും അധികാരങ്ങളും

വൈസ് പ്രസിഡണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എക്സ് ഒഫിഷ്യോ ചെയർമാൻ കൂടിയാണ്. അതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്ന നിലക്കുള്ള അധികാരവും ഉണ്ടായിരിക്കും. കൂടാതെ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അഭാവത്തിലോ 15 ദിവസത്തിൽ കൂടുതൽ പ്രസിഡണ്ട് അദ്ദേഹത്തിന്റെ ചുമതലകൾ നിറവേറ്റി കൊണ്ടുപോകാൻ കഴിയാതെ വരുന്ന സാഹചര്യത്തിലോ പ്രസിഡണ്ടിന്റെ എല്ലാ അധികാരങ്ങളും ചുമതലകളും വൈസ് പ്രസിഡണ്ടിൽ നിക്ഷിപ്തമായിരിക്കും.

സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാരുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന് നാല് സ്റ്റാന്റിംഗ് കമ്മിറ്റികളാണുള്ളത്.

1. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി- ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം മറ്റ് സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നു.
2. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി - വികസനാസൂത്രണം സാമൂഹ്യവും സാമ്പത്തികവും പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം ചെറുകിട ജലസേചനം, മത്സ്യബന്ധനം. ചെറുകിട വ്യവസായം പൊതുമരാമത്ത്' പാർപ്പിട സൗകര്യം . നീർമറി പരിപാലനം. വൈദ്യുതി എന്നിവ ഈ കമ്മിറ്റിയിൽ വരുന്നു.
3. ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി - പട്ടികജാതി പട്ടികവർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടേയും വികസനം, സാമൂഹ്യക്ഷേമം, ദാരിദ്ര്യ നിർമ്മാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ ഈ കമ്മിറ്റിയിൽ കൈകാര്യം ചെയ്യുന്നു.
4. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംങ്ങ് കമ്മിറ്റി - പൊതുജനാരോഗ്യം, വിദ്യാഭ്യാസം കലയും സാംസ്കാരികവും വിനോദവും പരിസ്ഥിതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

- സ്റ്റാന്റിംങ്ങ് കമ്മിറ്റി യോഗങ്ങൾ വിളിച്ചുകൂട്ടുക, യോഗത്തിൽ അധ്യക്ഷത വഹിക്കുക, പഞ്ചായത്ത് യോഗത്തിൽ ചെയർമാനോടുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുക എന്നിവ ചെയർമാൻമാരുടെ ചുമതലകളാണ്. കൂടാതെ താഴെ പറയുന്ന ചുമതലകൾകൂടി ചെയർമാൻമാർ വഹിക്കേണ്ടതുണ്ട്.
- സ്റ്റാന്റിംങ്ങ് കമ്മിറ്റിയിലെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ ഒരു വിഷയം ചർച്ച ചെയ്യുന്നതിന് ആവശ്യപ്പെട്ടാൽ 48 മണിക്കൂറിനകം ചെയർമാൻ യോഗം വിളിച്ചുകൂട്ടേണ്ടതുണ്ട്.
- സ്റ്റാന്റിംങ്ങ് കമ്മിറ്റി യോഗം കൂടുന്ന തിയ്യതി, സമയം, ചർച്ച ചെയ്യുന്ന വിഷയം എന്നിവ പ്രസിഡണ്ടിനെ അറിയിച്ചിരിക്കണം.
- സെക്രട്ടറിയാണ് അജണ്ട തയ്യാറാക്കേണ്ടത്. എന്നാൽ സെക്രട്ടറി ചെയർമാനുമായി ആലോചിച്ചായിരിക്കണം അജണ്ട തയ്യാറാക്കേണ്ടത്. സെക്രട്ടറി തയ്യാറാക്കുന്ന വിഷയങ്ങൾ കൂടാതെ ചെയർമാൻ നിർദ്ദേശിക്കുന്ന വിഷയങ്ങളും അജണ്ടയിൽ ഉൾപ്പെടുത്തണം.
- അജണ്ടയിലെ ഓരോ വിഷയത്തെ സംബന്ധിച്ചും ബന്ധപ്പെട്ട ഫയലുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റിക്കുവേണ്ടി അഭിപ്രായം രേഖപ്പെടുത്താവുന്നതാണ്.
- പ്രസിഡന്റിന്റെയും, വൈസ് പ്രസിഡണ്ടിന്റെയും സ്ഥാനങ്ങൾ ഒഴിവായി കിടന്നാൽ പ്രസിഡന്റിന്റെ ചുമതല സ്റ്റാന്റിംങ്ങ് കമ്മിറ്റി ക്രമത്തിൽ ചെയർമാൻമാർ വഹിക്കുക.

പഞ്ചായത്ത് അംഗങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും

- അംഗങ്ങളുടെ അവകാശങ്ങളെയും ചുമതലകളെയും ഉത്തരവാദിത്വങ്ങളെയും സംബന്ധിച്ച് ആക്ടിലെ 156-ാം വകുപ്പിലും 1995-ലെ യോഗ നടപടി ചട്ടങ്ങളിലും പ്രതിപാദിക്കുന്നു.
- പഞ്ചായത്ത് യോഗങ്ങളിൽ പങ്കെടുക്കുകയും ചർച്ചകളിൽ അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുക.
- പഞ്ചായത്ത് യോഗത്തിൽ പ്രസിഡണ്ടിനോടോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോടോ പരമാവധി 2 ചോദ്യങ്ങൾ ചോദിക്കാം. ചോദ്യങ്ങൾ 7 ദിവസത്തിന് മുൻപ് നൽകിയിരിക്കണം. ചോദ്യങ്ങൾക്ക് യോഗത്തിൽ ഒരു അനുബന്ധ ചോദ്യം കൂടി ചോദിക്കാം.

- പഞ്ചായത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട് പ്രമേയം അവതരിപ്പിക്കാം. പ്രമേയം അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ 7 ദിവസം മുൻപ് പ്രമേയത്തിന്റെ പകർപ്പും നോട്ടീസും പ്രസിഡണ്ടിന് നൽകണം.
- പഞ്ചായത്ത് നടത്തുന്ന ജോലികളോ പദ്ധതികളോ പരിശോധന നടത്തുക, ക്രമക്കേടുകൾ കണ്ടാൽ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരിക.
- പഞ്ചായത്ത് പ്രദേശത്തുള്ള ജനങ്ങളുടെ ആവശ്യങ്ങളും പൊതു പ്രാധാന്യമുള്ള കാര്യങ്ങളും പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക.
- സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള രഹസ്യരേഖകൾ ഒഴികെ മറ്റെല്ലാ രേഖകളും പ്രസിഡണ്ടിന് നോട്ടീസ് നൽകി ഓഫീസ് സമയത്ത് നോക്കാവുന്നതാണ്.
- പഞ്ചായത്തിന്റെ വരുമാന വർധനവിനു വേണ്ട പ്രവർത്തനങ്ങളിൽ സഹായം നൽകുക.
- പഞ്ചായത്ത് യോഗത്തിൽ പാസ്സാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകണം,
- സെക്രട്ടറിയുടെ മാത്രം സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളിൽ ജനപ്രതിനിധികൾ ഇടപെടാൻ പാടില്ല.
- വികേന്ദ്രീകൃത ആസൂത്രണ / നിർവ്വഹണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും സഹായിക്കുകയും ചെയ്യുക.
- അയൽകൂട്ടം, കുടുംബശ്രീ, എ.ഡി.എസ്., സി.ഡി.എസ് എന്നിവയുടെ പ്രവർത്തനത്തിന് സഹായിക്കുക.
- പഞ്ചായത്ത് യോഗ തീരുമാനങ്ങൾക്ക് വോട്ടെടുപ്പ് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ വോട്ടു രേഖപ്പെടുത്തുക.
- പഞ്ചായത്തിന്റെ അനുവാദമില്ലാതെ 3 യോഗത്തിലും 3 മാസത്തിലും തുടർച്ചയായി യോഗത്തിൽ ഹാജരാകാതിരുന്നാൽ അയോഗ്യത സംഭവിക്കും. എന്നാൽ 6 മാസം വരെ യോഗത്തിൽ ഹാജരാകാതിരിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകാം.
- അംഗത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ ധനനഷ്ടത്തിനോ, പാഴാക്കലിനോ, ദുർവിനിയോഗത്തിനോ ഇടയാക്കിയാലും തന്റെ ആസ്തി സ്റ്റേറ്റുമെന്റ് യഥാസമയം നൽകാതിരുന്നാലും നികുതി കുടിശ്ശികൾ വരുത്തിയാലും അയോഗ്യത സംഭവിക്കും.
- പഞ്ചായത്തിന്റെ അംഗസംഖ്യയുടെ മൂന്നിലൊന്നിൽ കുറയാതെയുള്ള മെമ്പർമാർ കൂട്ടായി ഏതെങ്കിലും ആവശ്യത്തിന് യോഗം വിളിച്ച് കൂട്ടുവാൻ പ്രസിഡന്റിനോട് ആവശ്യപ്പെടുന്ന പക്ഷം അങ്ങനെയുള്ള നോട്ടീസ് ലഭിച്ച് 10 ദിവസത്തിനകം പ്രസിഡന്റ് യോഗം വിളിച്ചുകൂട്ടുന്നില്ലായെ ങ്കിൽ നോട്ടീസ് നൽകിയ അംഗങ്ങൾക്ക് മറ്റംഗത്തിന് നോട്ടീസ് നൽകിയും സെക്രട്ടറിയെ അറിയിച്ചുകൊണ്ടും പഞ്ചായത്തിന്റെ പ്രത്യേക യോഗം വിളിച്ച് കൂട്ടാവുന്നതാണ്.
- പ്രസിഡന്റിനോടോ, വൈസ് പ്രസിഡന്റിനോടോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോടോ അംഗങ്ങൾക്ക് അവിശ്വാസം തോന്നുന്നുണ്ടെങ്കിൽ മൂന്നിലൊന്നിൽ കുറയാതെയുള്ള അംഗങ്ങൾ ഒപ്പിട്ട് ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ കളക്ടർക്കും പ്രമേയത്തിന്റെ പകർപ്പ് അടക്കം നോട്ടീസ് നൽകാം.
- എല്ലാ മെമ്പർമാർക്കും 1999 ലെ കൂറുമാറ്റ നിരോധന നിയമവും 2000 ലെ അതിന്റെ ചട്ടങ്ങളും ബാധകമാണ്.
- ഉത്തമ വിശ്വാസത്തോടുകൂടി പഞ്ചായത്തിന്റെ ഭരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും നിയമത്തിലെ 248, 249, 250, 251 വകുപ്പുകൾ സംരക്ഷണം നൽകുന്നു.

പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ ശരിയായ പരിപാലനം. ആസൂത്രിത വികസനം പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രധാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി ചെയർപേഴ്സൻ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ 15 അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്.

ഒരിക്കൽ രൂപീകരിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി അതാത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്.

മാനേജിംഗ് കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങൾ ആയിരിക്കേണ്ടതാണ്.

1. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
2. ബ്ലോക്ക് പഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
3. ബ്ലോക്ക് പഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ
4. ബ്ലോക്ക് പഞ്ചായത്തിലെ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ.
5. പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധീകരിക്കുന്ന അംഗം (അംഗം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റോ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാനോ അല്ലാത്തപക്ഷം)
6. പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ മരാമത്ത് പണികളുടെ ചുമതലയുള്ള അസി എക്സി. എഞ്ചിനിയർ,
7. പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ വൈദ്യുതി വിതരണത്തിന്റെ ചുമതലയുള്ള സംസ്ഥാന വൈദ്യുതി ബോർഡിലെ അസി.എക്സി. എഞ്ചിനിയർ,
8. പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ ശുദ്ധജല വിതരണത്തിന്റെ ചുമതലയുള്ള കേരള ജല അതോറിറ്റിയിലെ അസി. എക്സി. എഞ്ചിനിയർ.
9. പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ഭരണപരമായ പ്രവർത്തനങ്ങളിലും പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും പരിചയവും താൽപര്യവും സേവന സന്നദ്ധതയുമുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അല്ലെങ്കിൽ ആരോഗ്യസ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്ത് താമസിക്കുന്നവരിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ഏകകണ്ഠമായി തീരുമാനിച്ച് നാമനിർദ്ദേശം ചെയ്യുന്ന മൂന്നിൽ കുറയാത്ത വ്യക്തികൾ .
10. പൊതുജനാരോഗ്യ സ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ഓഫീസർ.
11. പൊതുജനാരോഗ്യസ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശം ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റും പ്രസ്തുത പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളും.

സംസ്ഥാന പദ്ധതി വിഹിതം. കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, ജനറൽ പർപ്പസ്, നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുകൾ, ടെണ്ടർ ഫോറം, വിറ്റുവരവ്, മുറിവാടക (തനത് ഫണ്ട്) എന്നിവയാണ് ബ്ലോക്ക് പഞ്ചായ ത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ.

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭാ തലത്തിലും ജനപ്രതിനിധി തലത്തിലും രൂപപ്പെടുന്ന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് സംവിധാനം വഴി സമയബന്ധിതമായും കാര്യക്ഷമായും നടപ്പിലാക്കി വരുന്നു. ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ വഴി തിര തെരഞ്ഞെടുക്കുന്നതും ഗ്രാമ പഞ്ചായത്ത് ഭരണസമിതിയും തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും അംഗീകരിക്കുന്ന ഗുണഭോക്താക്കൾക്കാണ് ആനുകൂല്യങ്ങൾ നൽകുന്നത്. ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്ത് അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമസഭ.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ

പഞ്ചായത്തിന്റെയും സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും യോഗങ്ങളിൽ പങ്കെടുക്കുന്നു. സർക്കാർ കാലാകാലങ്ങളിൽ നടത്തിവരുന്ന വിവിധ പദ്ധതികളിലും പരിപാടികളിലും ജനങ്ങളും സർക്കാരും തമ്മിലുള്ള കണ്ണിയായി പ്രവർത്തിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ വകുപ്പും ഗ്രാമവികസന വകുപ്പും ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളും നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടേയും പരിപാടിയുടേയും നിർവ്വഹണം, നടത്തിപ്പ്, മേൽനോട്ടം, അക്കൗണ്ടിംഗ് പ്രവർത്തനങ്ങളുടെ ക്രോഡീകരണം, റിക്കാർഡുകളുടെ സൂക്ഷിപ്പ് എന്നിവയ്ക്ക് നേതൃത്വം നൽകുന്നു. വിവിധ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് വിധേയമായി ഓഫീസ് പ്രവർത്തനത്തിനും ഫീൽഡ് തല പ്രവത്തനത്തിനും നേതൃത്വം നൽകുന്നു. കോടതികളിലും മറ്റു സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്നു. ജീവനക്കാരുടെ സേവന വേതന ആനുകൂല്യങ്ങളും നിയന്ത്രണങ്ങളും സംബന്ധിച്ച്

പ്രവർത്തനങ്ങൾ നിയാവിധേയമായി നിർവഹിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും ഉടമസ്ഥനും ചുമതലക്കാരനും സംരക്ഷകനുമായി പ്രവർത്തിക്കുന്നു.

പഞ്ചാത്ത് രാജ് സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ യാത്രാ പരിപാടി ടൂർ ഡയറി പ്രസിഡണ്ട് അംഗീകരിച്ച് കളക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്. സെക്രട്ടറിയുടെ ആകസ്മിക അവധി അനുവദിക്കാനുള്ള അധികാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിനാണ്.

പൗരധർമ്മവും ഉത്തരവാദിത്വവും

ഭരണ വ്യവസ്ഥയിലെ പങ്കാളി എന്ന നിലയ്ക്ക് പൗരർക്ക് അവകാശങ്ങൾ ഉണ്ട്. അവ നിശ്ചിതവും കൃത്യവുമായി ലഭിക്കും എന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിന് വിരുദ്ധമായ പ്രവർത്തനങ്ങൾ തടയുകയും ഉത്തരവാദിത പൂർണ്ണമായ പൗരാവകാശപാലനം നടപ്പാക്കുകയും ചെയ്യണം.

എന്നാൽ സമൂഹത്തോടും രാഷ്ട്രത്തോടും ചില കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റാൻ പൗരർക്ക് ചുമതലയുണ്ട്. പൗരധർമ്മങ്ങൾ എന്ന് ഇതിനെ ചുരുക്കത്തിൽ പറയാം. സ്വയമേവ അവ പാലിക്കുകയാണ് ഉത്തമ പൗരന്റെ കടമ. ഇന്ത്യൻ ഭരണഘടന അനുച്ഛേദം 51 എ(1976)

- ഭരണഘടന, രാഷ്ട്രത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ഇവയോട് ആദരവും അനുസരണയും പ്രകടമാക്കുക. അനാദരവും ലംഘനവും നടത്താതിരിക്കുക, ദേശീയ സ്വാതന്ത്ര്യ പോരാട്ടത്തിന്റെ മൂല്യങ്ങൾ പരിപോഷിപ്പിക്കുക.
- പൊതുമുതലുകൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നശിപ്പിക്കാതിരിക്കുകയും ചെയ്യുക.
- ചരിത്ര സാംസ്കാരിക സമ്പത്തുകൾ പരിപാലിക്കുക.
- പ്രകൃതി സമ്പത്ത്, വനം വന്യജീവികൾ, പരിസ്ഥിതി സംതുലിതാവസ്ഥ എന്നിവ പരിരക്ഷിക്കുകയും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യുക
- സ്ത്രി പദവിയും അന്തസ്സും സംരക്ഷിക്കുകയും ഉയർത്തുകയും സ്ത്രീ വിരുദ്ധ നടപടികളെ ചെറുക്കുകയും ചെയുക.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചെറുക്കുകയും ശാസ്ത്രാഭിരുചിയും ശാസ്ത്ര ബോധവും മാനവികതയും വളർത്തുകയും വ്യക്തിഗതവും സാമൂഹ്യവുമായ അനവദ്യതയിലേക്ക് ഉയരുകയും ചെയ്യുക.
- രാഷ്ട്രത്തിന്റെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കുകയും, മതസമുദായ സൗഹൃദവും പരസ്പര സാഹോദര്യവും വളർത്തുകയും അനിവാര്യ ഘട്ടങ്ങളിൽ രാഷ്ട്രസേവനത്തിന് സന്നദ്ധരാവുകയും ചെയ്യുക.

പഞ്ചായത്ത് രാജ് നിയമം (1994,1999)

1994 ലെ പഞ്ചായത്ത് രാജ് നിയമം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാരുടെ കടമകളും ഉത്തരവാദിത്വങ്ങളും നിർവ്വചിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിലെ പൗരർ എന്നനിലയിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്തിൽ വസിക്കുന്ന ഓരോ വ്യക്തിയും താഴെ പറയുന്ന ചുമതലകൾ നിർവഹിക്കാൻ ബാദ്ധ്യസ്ഥരാണ്

- ഗ്രാമസഭയിൽ പങ്കെടുക്കുക, തദ്ദേശ ഭരണ പ്രക്രിയയിൽ നേരിട്ട് പങ്ക് വഹിക്കുക. അതിലൂടെ ക്രിയാത്മക ജനാധിപത്യം സാർത്ഥകമാക്കുക.
- നികുതി വെട്ടിപ്പ് തടയുകയും കൃത്യമായി നികുതി നിരക്കുകൾ ഒടുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് വരുമാനം ഉറപ്പാക്കുകയും ചെയുക. നികുതി നൽകുന്നതിൽ കൃത്രിമമോ ഒഴിവുകഴിവോ ഒഴിവാക്കുക.
- വികസന പ്രവർത്തനത്തിൽ പഞ്ചായത്തിനെ സഹായിക്കുക. വ്യക്തിഗതവും ഭൗതികവും സാമ്പത്തീകവുമായ വിഭവസമാഹരണത്തിനും അദ്ധ്വാനത്തിനും സഹായിക്കുക
- ആസൂത്രണ – നിർവഹണ – വിലയിരുത്തുകളിൽ സ്വയം പങ്കാളികളാകുക
- പൊതുശല്യം, പൊതുജീവിതത്തിന് വിഘാതം, പൊതുസ്ഥലത്ത് മാലിന്യ നിക്ഷേപം മുതലായവയ്ക്ക് ഇടയാക്കാതിരിക്കുകയും അവയ്ക്കെതിരെ ജാഗ്രത പാലിക്കുകയും ചെയ്യുക.

- ശുചിത്വം, രോഗപ്രതിരോധം, പോഷകാഹാര വിതരണം, സാക്ഷരത, നിയമ ബോധനം, തർക്കപരിഹാര പ്രക്രിയ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തിനോട് സഹകരിക്കുക.
- സാമൂഹ്യ ഓഡിറ്റ് പ്രക്രിയ സ്വാർത്ഥമാക്കാൻ സഹായിക്കുക.
- മൗലിക വാദത്തിനും വിഭാഗീയതക്കും എതിരെ സാമൂഹ്യ ഐക്യത്തിനും പങ്കാളിത്ത വികസന പ്രക്രിയക്കും സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- അഴിമതി, ദുർഭരണം എന്നിവയ്ക്കെതിരെ നിയമപ്രകാരമുള്ള ജാഗ്രത പാലിക്കുക. തദ്ദേശ ഭരണം ജനാധിപത്യപരമായി പുലരാനുള്ള സാധ്യതകൾ ഉറപ്പാക്കുക.
- പ്രകൃതി വിഭവങ്ങൾ, പൊതു ഗതാഗത സംവിധാനം, മലിനജല നിർഗ്ഗമന സംവിധാനം. ഊർജ്ജ വിതരണ സംവിധാനം, പൊതുശുചിത്വ സംവിധാനം മുതലായവ പരിപാലിക്കുന്നതിൽ സഹകരിക്കുകയും ദുരുപയോഗവും ചൂഷണവും നടത്താതിരിക്കുകയും ചെയ്യുക.
- മിതവ്യയ ശീലം പ്രചരിപ്പിക്കുകയും, പാലിക്കുകയും ആഡംബരവും അതിഭോഗവും ഒഴിവാക്കുകയും ചെയ്യുക.
- സ്വാശ്രയ പ്രവർത്തന സംഘാടനവും പങ്കാളിത്തവും ഉറപ്പാക്കുക.
- മദ്യപാനം, മയക്കുമരുന്ന്, സ്ത്രീധനം, സ്ത്രീപീഢനം, ബാലാധ്വാനം, പിന്നോക്ക വിഭാഗക്കാർക്കെതിരായ പ്രവർത്തനം മുതലായ സാമൂഹ്യ തിൻമകൾക്കെതിരെ അണിനിരക്കുക.
- പരിസ്ഥിതി ബോധവത്കരണത്തിൽ പങ്കാളികളാകുക. പരിസ്ഥിതി സന്തുലനം ഉറപ്പാക്കുക.
- സ്ഥിതി വിവരക്കണക്കുകളുടെ കൃത്യമായ ശേഖരണം . സമാഹരണം, ക്രോഡീകരണം എന്നിവയിൽ സഹകരിക്കുക, തെറ്റായ വിവരങ്ങൾ നൽകാതിരിക്കുകയും നൽകുന്നതിനെ ചെറുക്കുകയും ചെയ്യുക.
- പ്രകൃതി ദുരന്ത ബാധിതരെ സംരക്ഷിക്കാൻ സഹായിക്കുക
- സഹകരണ - സമ്പാദ്യ ശീലങ്ങൾ വളർത്തുക.
- വികസനാവശ്യത്തിന് ഭൂമി വിട്ട് കൊടുക്കുകയും പൊതുഭൂമി അനധികൃതമായി കൈവശപ്പെടുത്താതിരിക്കുകയും ചെയ്യുക.
- അയൽക്കൂട്ടം, സ്വയം സഹായ - പരസ്പര സഹായ സംഘങ്ങൾ സംഘടിപ്പിക്കുക.
- പൊതുസ്ഥലത്തും നിരത്തുകളിലും തുപ്പുക, മലമൂത്ര വിസർജ്ജനം നടത്തുക, മദ്യപിക്കുക, പുകവലിക്കുക തുടങ്ങിയ സാമൂഹ്യ വിരുദ്ധ പെരുമാറ്റങ്ങൾ ഒഴിവാക്കുക.
- മൃഗങ്ങളെ പൊതുസ്ഥലത്ത് വെച്ച് പരസ്യമായി കശാപ്പ് ചെയ്യാതിരിക്കുക, മാംസം, മാംസാവശിഷ്ടങ്ങൾ എന്നിവ തുറസ്സായി വെച്ചും അറപ്പുളവാക്കുന്ന രീതിയിൽ പ്രദർശിപ്പിച്ചും വിൽപ്പന നടത്താതിരിക്കുക.
- ഓമന മൃഗങ്ങൾ, വളർത്തുമൃഗങ്ങൾ പക്ഷികൾ എന്നിവയ്ക്ക് കൃത്യവും അനിവാര്യവുമായ കുത്തിവെപ്പുകൾ എടുപ്പിക്കുകയും ലൈസൻസ് എടുക്കുകയും ചെയ്യുക.
- നിയമ-ചട്ട വ്യവസ്ഥകൾ പാലിക്കുകയും, ലംഘിക്കാതിരിക്കുകയും ലംഘിക്കുന്നതിന് പ്രേരണയോ സഹായമോ നൽകാതിരിക്കുകയും ചെയ്യുക.
- സ്ത്രീ -പുരുഷ തുല്യതയും നീതിയും പരിപാലിക്കുക അതിനുതകത്തക്ക പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
- ഇത്തരം പൗരധർമ്മങ്ങളെ പറ്റി ബോധവത്കരണം ഉറപ്പാക്കുക.

പഞ്ചായത്ത് വഴി നടപ്പാക്കുന്ന പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2005 സെപ്തംബർ 5 - ന് പാർലമെന്റ് പാസ്സാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2 മുതൽ നമ്മുടെ രാജ്യത്ത് നടപ്പിലാക്കി വരുന്നു ഇന്ത്യയുടെ ഗ്രാമീണ തൊഴിൽ മേഖലകളിലും കാർഷിക മേഖലകളിലും വമ്പിച്ച മാറ്റം വിഭാവനം ചെയ്യുന്ന ഈ നിയമം അവിദഗ്ധ തൊഴിലാളികൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബങ്ങൾക്ക് പ്രതിവർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി

ഈടുറ്റതും ഗുണമേന്മയുള്ളതും ഉത്പാദക്ഷമവുമായ ഉപജീവന ആസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

ഗ്രാമ – ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:30:20 എന്ന അനുപാതത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

അവിദഗ്ധ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. അപേക്ഷകർ പഞ്ചായത്തിലെ സ്ഥിരതാമസക്കാരായിരിക്കണം. പഞ്ചായത്ത് സെക്രട്ടറിയാണ് രജിസ്ട്രേഷൻ ഓഫീസർ. രജിസ്ട്രേഷന് സമയ പരിധിയില്ല. രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ലിസ്റ്റ് പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

രജിസ്റ്റർ ചെയ്ത തൊഴിലാളികൾ ഉൾപ്പെടുന്ന ഓരോ കുടുംബത്തിനും ഒരു തൊഴിൽ കാർഡ് ലഭിക്കും. കാർഡുള്ളവർക്ക് മാത്രമേ തൊഴിൽ ആവശ്യപ്പെടാൻ അവകാശമുള്ളൂ. തൊഴിലാളികളുടെ ഫോട്ടോ പതിച്ചിട്ടുള്ള ഈ കാർഡിൽ തൊഴിൽ ചെയ്ത ദിവസങ്ങൾ, ലഭിച്ച കൂലി, തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നു.

തൊഴിൽ കാർഡ് ലഭിച്ചവർക്ക് തൊഴിൽ ലഭിക്കണമെങ്കിൽ പഞ്ചായത്തിൽ അപേക്ഷ നൽകണം. പരമാവധി 100 ദിവസം തൊഴിൽ ആവശ്യപ്പെടാം. 15 ദിവസത്തിനുള്ളിൽ പണി ലഭിച്ചില്ലെങ്കിൽ തൊഴിൽ രഹിത വേതനത്തിനു അർഹതയുണ്ട്. അഞ്ച് കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്ത് പണിക്ക് പോകണമെങ്കിൽ കൂലിയുടെ 10% തുക കൂടി അധികം ലഭിക്കും.

അടുത്ത 5 വർഷത്തേക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സമാഹാരമാണ് ഷെൽഫ് ഓഫ് പ്രോജക്ട്. അയൽക്കൂട്ട തലത്തിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമാഹരിക്കേണ്ടത് ഓരോ വാർഡിലേയും എ.ഡി.എസ് ന്റെ ചുമതലയാണ്. ഇങ്ങനെ സമാഹരിക്കുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് ആവശ്യമായ ഭേദഗതികളോടെ, മുൻഗണനാക്രമം നിശ്ചയിച്ച് അംഗീകരിക്കുന്നു.

ഇപ്രകാരം ഗ്രാമസഭ അംഗീകരിക്കുന്ന പ്രോജക്ടുകളിൽ നിന്നും ഒരു സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രവൃത്തികൾ കണ്ടെത്തി തൊഴിൽ ദിനങ്ങളുടേയും ആവശ്യമായ ധനവിഹിതത്തിന്റേയും അടിസ്ഥാനത്തിൽ വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുന്നു. ബി.പി.ഒ. സൂക്ഷ്മ പരിശോധന നടത്തി ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. വാർഷിക കർമ്മ പദ്ധതി (Annual Action Plan) തയ്യാറാക്കേണ്ടത് ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ്. ഒരു വർഷം പണിക്കുവരാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണവും, സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങളും, അതിനാവശ്യമായ വേതന സാധന ഘടകങ്ങളും തിട്ടപ്പെടുത്തിക്കൊണ്ട് ലേബർ ബഡ്ജറ്റ് തയ്യാറാക്കാവുന്നതാണ്.

ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ (സ്റ്റോപ്പ് ഡാം) ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ.
2. ഒരു നിർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർ ട്രഞ്ചുകള് തട്ട് തിരിക്കൽ (terracing) കോണ്ടൂർ ബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നിർത്തട പരിപാലന പ്രവൃത്തികൾ
3. സൂഷ്മ – ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ കനാല് എന്നിവയുടെ നിർമ്മാണം – പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും
4. ജലസേചന കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും.
5. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവൽക്കരണവും, ഇവയിൽ നിന്ന് ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.
6. പൊതുഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ.

7. ഭൂമിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ, മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ.

8. പഴകൃഷി, പട്ടുനൂൽ കൃഷി, തോട്ടവിള കൃഷി, ഫാം ഫോറസ്ട്രി, എന്നിവയിലൂടെ അതിജീവനം മെച്ചപ്പെടുത്തൽ.

9. തരിശുഭൂമി / പാഴ്ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ,

10. ഇന്ദിരാ ആവാസ് യോജന പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവനനിർമ്മാണ പദ്ധതി പ്രകാരമോ ഏറ്റെടുക്കുന്ന ഭവനനിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം.

11. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങളായ കോഴിക്കൂട് ആട്ടിൻകൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണം.

12. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൌകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുസ്ഥലങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കൽ.

13 കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെ, വിളവെടുപ്പിന് ശേഷം ആവശ്യമായിവരുന്ന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ.

14. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

15. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്ലറ്റുകൾ, അംഗണവാടി ടോയ് ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തികൾ.

16 എല്ലാ കലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും ഓടകൾ കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണം.

17 കളിസ്ഥലങ്ങളുടെ നിർമ്മാണം

18. വെള്ളപൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗമനപ്രവൃത്തികൾ മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്നപൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രയിനുകൾ എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം. ദുരന്തപ്രതിരോധ തയ്യാറടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ.

19. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായസംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ)അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ, എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും ഗ്രാമ/ ബ്ലോക്ക് തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും.

20. ദേശീയ ഭക്ഷ്യ സുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യസംഭരണികളുടെ നിർമ്മാണം.

21. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമപ്രകാരം ഏറ്റെടുക്കുന്ന എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമാണ സാമഗ്രികളുടെ ഉല്പാദനം.

22. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമപ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികൾ.

23. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും

നീർത്തട മാസ്റ്റർപ്ലാൻ അംഗീകരിച്ച പഞ്ചായത്തുകളിൽ രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള കർഷകരുടെ ഭൂവികസന പദ്ധതികൾ ഒറ്റതവണ ഏറ്റെടുക്കാവുന്നതാണ്.

ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം നേടിയ പ്രൊജക്ടുകളുടെ വിശദമായ എസ്റ്റിമേറ്റ് എഞ്ചിനീയർ/ ഓവർസിയർ തയ്യാറാക്കുന്നു. എസ്റ്റിമേറ്റുകൾ പ്രോജക്ട് റിപ്പോർട്ട് സഹിതം ടെക്നിക്കൽ കമ്മിറ്റിക്ക് നൽകുന്നു. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലത്തിൽ നിലവിലുള്ള ഈ കമ്മിറ്റികൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നു. എസ്റ്റിമേറ്റും, സാങ്കേതികാനുമതി പത്രവും പ്രാദേശിക ഭാഷയിലായിരിക്കണം. എസ്റ്റിമേറ്റിൽ താഴെ പറയുന്ന വിശദാംശങ്ങൾ ഉണ്ടായിരിക്കണം.

1. സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങൾ
2 ആയ, മേറ്റ് എന്നിവരുടെ വേതനം
3. പണിസ്ഥല സൗകര്യങ്ങൾക്കുള്ള ചെലവ്
4. പണി ആയുധങ്ങളുടെ വാടക
5. ബോർഡ് വെയ്ക്കുന്നതിനുള്ള ചെലവ്
6. അപ്രതീക്ഷിത പലവക ചെലവുകൾ

സാങ്കേതികാനുമതി ലഭിച്ച പ്രൊജക്ടുകൾക്കാവശ്യമായ മസ്റ്റർറോൾ ബി.പി.ഒ യിൽ വാങ്ങുന്നു. പണി ആയുധങ്ങൾ. പണിസ്ഥല സൗകര്യങ്ങൾക്കാവശ്യമായ വസ്തുക്കൾ എന്നിവ എ.ഡി.എസ് ന്റെ നേതൃത്വത്തിൽ സജ്ജമാക്കുന്നു. തൊഴിലാളികളെ സംഘടിപ്പിച്ച് പ്രൊജക്ട് മീറ്റിംഗ് നടത്തുന്നു. അക്രഡിറ്റഡ് എഞ്ചിനീയർ, മേറ്റ് എന്നിവരുടെ ചുമതലയാണ് പ്രൊജക്ട് മീറ്റിംഗ് നടത്തുന്നത്. തൊഴിലാളികൾ മസ്റ്റർറോളിൽ ഒപ്പിട്ട ശേഷം പണി ആരംഭിക്കുന്നു. 7 മണിക്കൂർ പണിയും ഒരു മണിക്കൂർ വിശ്രമവും എന്ന കണക്കിൽ 8 മണിക്കൂറാണ് പ്രവൃത്തി സമയം. ഒരു പണിസ്ഥലത്ത് മിനിമം 10 തൊഴിലാളികൾ ഉണ്ടാവണം. മേൽനോട്ടത്തിനായി തൊഴിലാളികൾക്ക് ഒരു മേറ്റ് ഉണ്ടാകും. സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗമുണ്ടായിരിക്കും. തുടർച്ചയായി 14 ദിവസം പണി ലഭിക്കത്തക്ക രീതിയിലാകണം പണിക്രമീകരിക്കേണ്ടത്. ആഴ്ചയിൽ ഒരു ദിവസം വിശ്രമം.

തൊഴിലാളികൾക്ക് വിശ്രമിക്കാനുള്ള സൗകര്യം. പ്രഥമശുശ്രൂഷാ മരുന്നുകൾ. കുട്ടികളെ പരിപാലിക്കാനുള്ള സൗകര്യം എന്നിവ ഗ്രാമപഞ്ചായത്ത് ചെയ്തുകൊടുക്കേണ്ടതാണ്. 5 വയസ്സിൽ താഴെയുള്ള 5 കുട്ടികളെ പണിസ്ഥലത്ത് മാതാപിതാക്കൾ കൊണ്ടുവരികയാണെങ്കിൽ അവരെ നോക്കുവാൻ ഒരു ആയയെ നിയമിക്കാം.

പണിസ്ഥലത്തു വച്ച് അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ചികിത്സ ചിലവുകൾ പഞ്ചായത്ത് വഹിക്കേണ്ടതാണ്. ആശുപത്രിയിലെ ചെലവുകൾ. ആശുപത്രിയിൽ കിടക്കുന്ന ദിവസങ്ങളിൽ പകുതി വേതനം, വാഹന കൂലി, കുട്ടികൾക്ക് അപകടം പറ്റിയാൽ ചികിത്സാ ചെലവുകൾ എന്നിവ പഞ്ചായത്ത് നൽകേണ്ടതാണ്. ചികിത്സാ ചെലവുകൾക്ക് പരിധിയില്ല. പണിസ്ഥലത്ത് വച്ച് അപകടമരണം, സ്ഥിരമായ അവശത എന്നിവ സംഭവിച്ചാൽ 25000/ രൂപാ എക്സ്ഗ്രേഷ്യാ തുകയായി നൽകുന്നു.

പൂർത്തിയായ പണിയുടെ അളവെടുത്ത് അസി. എഞ്ചിനീയർ M/Book ൽ രേഖപ്പെടുത്തുന്നു. 5 ലക്ഷം രൂപായ്ക്ക് മുകളിലുള്ള അളവുകൾ അസി.എക്സി. എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യണം. മസ്റ്റർ റോൾ, M/Book എന്നിവ പരിശോധിച്ച് ഡാറ്റാ എൻട്രി, വേജ് ലിസ്റ്റ് തയ്യാറാക്കി അസിസ്റ്റന്റ് സെക്രട്ടറി പരിശോധിച്ച് വിലയിരുത്തിയതിന് ശേഷം എഫ്.ടി.ഒ. തയ്യാറാക്കി പഞ്ചായത്ത് സെക്രട്ടറി ലോഗിനിലേക്ക് അയക്കുന്നു. പഞ്ചായത്ത് സെക്രട്ടറി എഫ്.ടി.ഒ. പരിശോധിച്ച് വിലയിരുത്തിയ ശേഷം തൊഴിലാളിക്ക് അർഹമായ വേതനം തിട്ടപ്പെടുത്തി എഫ്.ടി.ഒ ഒപ്പ് വെച്ച് പ്രസിഡണ്ട് ലോഗിനിലേക്ക് അയക്കുന്നു. പ്രസിഡണ്ട് എഫ്.ടി.ഒ പരിശോധിച്ച് വിലയിരുത്തിയ ശേഷം ബന്ധപ്പെട്ട ബാങ്കിലേക്ക് നൽകുന്നു. ഓരോ തൊഴിലാളികളുടേയും അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യുന്നു. എല്ലാ തൊഴിലാളികൾക്കും ബാങ്ക് അക്കൗണ്ട് ആവശ്യമാണ്. അക്കൗണ്ടുമായി ആധാർ ലിങ്ക് ചെയ്യേണ്ടതുമാണ്. 14 ദിവസത്തിനുള്ളിൽ വേതനം വിതരണം ചെയ്തിരിക്കേണ്ടതാണ് എന്ന് നിയമം അനുശാസിക്കുന്നു.

1948 ലെ മിനിമം കൂലി നിയമം സെക്ഷൻ - 3 അനുസരിച്ച് കർഷക തൊഴിലാളികൾക്കു നിശ്ചയിക്കപ്പെട്ട കൂലി ഓരോ സംസ്ഥാനത്തിനും സ്വീകരിക്കും. കേരളത്തിൽ 369 രൂപയാണ് അവിദഗ്ദ തൊഴിലാളികളുടെ ദിവസവേതനം. വിദഗ്ധ തൊഴിലാളികൾക്ക് CPWD Schedule of rate അനുസരിച്ചുള്ള വേതന നിരക്ക് ബാധകമാണ്. ഫോറസ്റ്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നത് GO (MS) 214/08 Dated 28-07-2008 പ്രകാരമാണെങ്കിലും ചെയ്യുന്ന പ്രവർത്തികളുടെ അളവ് അനുസരിച്ചായിരിക്കും. വേതനം നിർണ്ണയിക്കുക. പുരുഷനും സ്ത്രീക്കും തുല്യവേതനം ഈ പദ്ധതിയുടെ ഒരു പ്രത്യേകതയാണ്.

ഒരു പ്രവൃത്തിയുടെ സാധനഘടകം അടങ്കൽ തുകയുടെ 40% ൽ കവിയരുത്. എന്നാൽ ഈ പരിധി ഓരോ പ്രവൃത്തിക്കും പാലിക്കണമെന്നില്ല. ഒരു വാർഡിലെ എല്ലാ പ്രവൃത്തികളുടെയും ആകെ അടങ്കലിന്റെ 40% എന്ന് കണക്കാക്കിയാൽ മതിയാകും. സാധന ഘടകത്തിൽ മേറ്റിന്റെ വേതനം, ആയയുടെ വേതനം, പണി ആയുധങ്ങളുടെ വാടക, ബോർഡ് വെയ്ക്കുന്നതിനുള്ള 'ചെലവ്', പണിസ്ഥലത്ത് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചെലവ് എന്നിവയും ഉൾപ്പെടും.

എല്ലാ പണി സ്ഥലത്തും പണിയുടെ വിശദവിവരങ്ങൾ സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്. (പേര്, അടങ്കൽ തുക, സൃഷ്ടിക്കപ്പെടാവുന്ന തൊഴിൽ ദിനങ്ങൾ, ആരംഭിച്ച തീയ്യതി, അവസാന തീയ്യതി തുടങ്ങിയവ) പണി തുടങ്ങുന്നതിനു മുമ്പും, പണി പുരോഗമിക്കുമ്പോഴും, പൂർത്തിയാകുമ്പോഴും ഫോട്ടോ എടുത്ത് സൂക്ഷിക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ പ്രധാനമായും ഏറ്റെടുക്കപ്പെടുന്നത് മണ്ണ്, മരം, ജലം ഇവയുടെ സംരക്ഷണ പ്രവർത്തനങ്ങളാണ്. ഇവ നീർത്തടാധിഷ്ഠിതമായി ഏറ്റെടുക്കപ്പെടുന്നത് പരിസ്ഥിതി സംരക്ഷണത്തിനും കാർഷിക വികസനം, ജനകീയ പങ്കാളിത്തം എന്നിവ ഉറപ്പ് വരുത്തുന്നതിനും സഹായിക്കും. അതിനായി ഒരു നീർത്തട മാസ്റ്റർ പ്ലാൻ ഓരോ പഞ്ചായത്തും തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

സമ്പൂർണ ശുചിത്വ യജ്ഞം (ടി.എസ്.സി)

സമ്പൂർണ്ണ ശുചിത്വ യജ്ഞ പരിപാടി കേന്ദ്രാവിഷ്കൃത പദ്ധതിയായി 2001 ൽ ആരംഭിച്ചു. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി കക്കൂസില്ലാത്ത ഗ്രാമപ്രദേശത്തെ മുഴുവൻ കുടുംബങ്ങൾക്കും 12000 രൂപ കേന്ദ്ര വിഹിതമായും 3,400/- രൂപ പഞ്ചായത്ത് വിഹിതമായും ആകെ 15,400/- രൂപ കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകി വരുന്നു. കൂടാതെ ഐ.എ.വൈ. /പി.എം.എ.വൈ ഭവന നിർമ്മാണ ധനസഹായത്തിന്റെ കൂടെ കക്കൂസ് നിർമാണത്തിന് അധിക ധനസഹായമായും 12,000- രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വി.ഇ.ഒ.യുടെ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കിൽ നിന്നും തുക ഗുണഭോക്താവിന്റെ ബേങ്ക് അക്കൗൽ നിക്ഷേപിക്കുന്നു.

IEC (Informarion , Education, Communication) ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് കാര്യങ്ങൾ അറിയുക, പഠിക്കുക. മറ്റുള്ളവരെയും ഒപ്പം നമ്മെ തന്നെ തന്നെയും സമ്പൂർണ്ണ ശുചിത്വത്തിന്റെ ആശയം പകർന്ന് നൽകുന്ന വക്താക്കളും പ്രവൃത്തിമണ്ഡലത്തിൽ എത്തിക്കുന്നവരും ആക്കി മാറ്റുക എന്നതാണ്

കേരളത്തിൽ ശുചിത്വമാർന്ന സാനിറ്ററി കക്കൂസുകൾ ഇല്ലാത്തവരും ദാരിദ്രരേഖക്ക് താഴെയുള്ളവരും ആയ എല്ലാവർക്കും ശുചിത്വമാർന്ന കക്കൂസുകൾ നിർമ്മിച്ച് നൽകുക എന്നത് സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗമാണ്.

ജില്ലാ സമ്പൂർണ്ണ ശുചിത്വ യജ്ഞം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഓഫീസ് ആണ് ഇതിന്റെ ജില്ലാതല ഓഫിസ്. ഈ ഓഫീസും ഇതിന്റെ ജില്ലാതല കോ - ഓർഡിനേറ്ററും ആണ് മേൽ പറഞ്ഞിട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വരുന്നത്.

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ), പി.എം.എ.വൈ.(ജി)

1985-86 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണം പദ്ധതി പുനർ രൂപീകരിച്ച് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന ഭവന നിർമാണ പദ്ധതി 2016 ഏപ്രിൽ 1 മുതൽ രാജ്യത്ത് നടപ്പിലാക്കി വരികയാണ് വാസയോഗ്യമായ വീടില്ലാത്ത ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും 2022 ഓടുകൂടി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള ലക്ഷ്യമാണ് പി.എ.വൈ. ജി) പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത് കേന്ദ്ര സംസ്ഥാന ത്രിതല പഞ്ചായത്ത് വിഹിതം ഉൾപ്പെടെ ജനറൽ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപ വീതം അനുവദിക്കുന്നു

ലക്ഷ്യങ്ങൾ

1. 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്കാണ് പി.എം.എ.വൈ. പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നത്.
2. വീടിന്റെ കുറഞ്ഞ തറവിസ്തീർണം 25 മുതൽ 31 വരെ ച.മീറ്ററാണ്.
3. തുകയുടെ 60% പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിനും 15% ന്യൂനപക്ഷ വിഭാഗത്തിനും 3% വികലാംഗർക്കും വേണ്ടി വകയിരുത്തുന്നു.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി

എം.എൽ.എ. മാരുടെ പ്രത്യേക വികസന ഫണ്ട്

ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പാക്കുന്നു. പദ്ധതികൾ എം.എൽ.എ.മാർ നിർദ്ദേശിക്കുന്നു.

ദേശീയ സമ്പാദ്യ പദ്ധതി

വികസന പ്രക്രിയയിൽ അദ്വിതീയ സ്ഥാനമാണ് സമ്പാദ്യശീലത്തിനുള്ളത്. ധനിക-ദരിദ്ര ഭേദമന്യേ ജനങ്ങളിൽ സമ്പാദ്യശീലം, വളർത്തുന്നതിന് ഭാരത സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള മുഖ്യ പരിപാടികളിൽ ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി (നാഷണൽ സേവിംഗ്സ് സ്കീം) ഈ പദ്ധതിയുടെ നടത്തിപ്പിൽ വികസന ബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. പോസ്റ്റോഫീസ് ആവർത്തന നിക്ഷേപം റെക്കറിംഗ് ഡെപ്പോസിറ്റ്) ത്തിലൂടെ ഗ്രാമീണ ജനതയെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നു.

ഇതിനായി എം.പി.കെ.ബി.വൈ. (മഹിളാ പ്രധാൻ ക്ഷേത്രീയ ബചത്ത് യോജന) ഏജന്റ്മാരായി അർപ്പണ ബോധമുള്ള ഒരു കൂട്ടം വനിതകൾ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. എം.പി.കെ.ബി.വൈ. ഏജന്റ്മാരുടെ നിയമനം, പ്രവർത്തനം, മേൽനോട്ടം എന്നീ കാര്യങ്ങളിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറെ സഹായിക്കുന്നു.

കൂടാതെ കിസാൻ വികാസ് പത്ര, ദേശീയ സമ്പാദ്യ പദ്ധതി പബ്ലിക്ക് പ്രവിഡണ്ട് ഫണ്ട്. പെൻഷൻ നിക്ഷേപ പദ്ധതി, മാസവരുമാന പദ്ധതി. പോസ്റ്റോഫീസ് ടൈം ഡെപ്പോസിറ്റ്, നാഷണൽ സേവിംഗ്സ് സ്കീം, സീനിയർ സിറ്റിസെൻ സേവിംഗ്സ് സ്കീം, റിട്ടയർ ചെയ്ത കേന്ദ്രസർക്കാർ, പൊതുമേഖലാ ഉദ്യോഗസ്ഥരുടെ നിക്ഷേപ പദ്ധതി 1992, എന്നിവയിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് എസ്.എ.എസ്. (സ്റ്റാൻഡേർഡ് ഏജൻസി സിസ്റ്റം) ഏജന്റുമാരെയും ബ്ലോക്കുകളിലൂടെ നിയമിച്ചു വരുന്നു. അഭ്യസ്തവിദ്യരായ വനിതകൾക്ക് ഉപജീവന മാർഗ്ഗവും രാഷ്ട്ര വികസനത്തിന് സാമ്പത്തികാടിത്തറയും നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വവും നൽകുന്നു എന്നതാണ് ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രത്യേകത.

പാർട്ട് 2

പൗരാവകാശ രേഖ : നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

1994ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 272 (എ) വകുപ്പ് - 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ ചട്ടങ്ങൾ) എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുന്നത്.

താഴെ പറയുന്ന സേവനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് പഞ്ചായത്ത് സമയബന്ധതമായി നടപ്പാക്കുന്നതാണ്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്

സേവനങ്ങൾ	നിർവഹണത്തിന് ആവശ്യമായ ജോലി ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കുന്നവിധം	ആവശ്യമായ ഫീസ്	സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവഹിക്കേണ്ട ഉദ്യോഗസ്ഥൻ
1. പി.എം.എ.വൈ. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)	2011ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിൽ നിന്നും ഭവനരഹിതരായി കണ്ടെത്തിയ കുടുംബങ്ങളുടെ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കി മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമസഭ അംഗീകാരത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. അർഹതയുള്ളതായി കണ്ടെത്തുന്ന ഗുണഭോക്താക്കളെ ഇലക്ട്രോണിക് സംവിധാനം വഴി രജിസ്റ്റർ ചെയ്യുന്നു. കുടുംബത്തിലെ വനിതാ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. ഗുണഭോക്താക്കളുടെ വീട് സന്ദർശിച്ച് വീടിന്റെ ഫോട്ടോ ആവാസ് ആപ് വഴി ആവാസ് സോഫ്റ്റ്വിലേക്ക് അപ്‌ലോഡ് ചെയ്തതിന് ശേഷം വി.ഇ.ഒ.യുടെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹൗസിങ്ങ് ഓഫീസറുടെ ശുപാർശയോടെ ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു.	രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ 1. പാസ്പോർട്ട് സൈസ് ഫോട്ടോ 2. ആധാർ കാർഡ് പകർപ്പ് 3. തൊഴിൽ കാർഡ് പകർപ്പ് 4. ബാങ്ക് അക്കൗണ്ട് പാസ്ബുക്ക് പകർപ്പ് 5. മൊബൈൽ നമ്പർ, ബാങ്ക് അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്യുന്നതിനുള്ള കൺസന്റ്.	ഇല്ല	വീട് നിർമ്മാണ ഘട്ടത്തിന്റെ ഫോട്ടോ ആവാസ് സോഫ്റ്റ്വിലേക്ക് അപ്‌ലോഡ് ചെയ്ത ശേഷം സ്റ്റേജ് സർട്ടിഫിക്കറ്റ് ബ്ലോക്ക് പഞ്ചായത്തിൽ സമർപ്പിക്കുന്നു. തുടർന്ന് ഫണ്ടിന്റെ ലഭ്യത പ്രകാരം 5 ദിവസത്തിനകം തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് എഫ്.ടി.ഒ. വഴി നൽകുന്നു.	1. വി.ഇ.ഒ. 2. ജോ.ബി.ഡി.ഒ. (ഹൗസിംഗ്) 3. ബി.ഡി.ഒ.

സേവനങ്ങൾ	നിർവഹണത്തിന് ആവശ്യമായ ജോലി ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കുന്നവിധം	ആവശ്യമായ ഫീസ്	സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവഹിക്കേണ്ട ഉദ്യോഗസ്ഥൻ
ദേശീയ സ്വാദ്യ പദ്ധതി	ഗ്രാമീണ ജനങ്ങളുടെ സ്വാദ്യ ശീലം വളർത്തുന്നതിന് മഹിളാ പ്രധാൻ എജന്റുമാരുടെ സഹായത്തോടെ മാസംതോറും വീടുകൾ സന്ദർശിച്ച് നിക്ഷേപം സ്വരൂപിച്ച് പോസ്റ്റ് ഓഫീസിൽ നിക്ഷേപിക്കുന്നു. കാലാവധി പൂർത്തീകരിക്കുമ്പോഴെ 3 വർഷത്തിന് ശേഷം ഗുണഭോക്താവ് ആവശ്യപ്പെടുകയോ ചെയ്യുകയാണെങ്കിൽ ഗുണഭോക്താവിന്റെ വീട്ടിൽ അവർ നിക്ഷേപിച്ച തുകയും പലിശയുമടക്കം പോസ്റ്റോഫീസിൽ നിന്ന് പിൻവലിച്ച് എത്തിക്കുന്നു.	എസ്.എസ്. എൽ.സി. പാസ്സായിരിക്കണം. നിക്ഷേപം സ്വരൂപിക്കാൻ താൽപ്പര്യമുള്ളവർ ആയിരിക്കണം. ലക്ഷ്യമനുസരിച്ച് സാമ്പാദ്യം ക്ലിപ്തസമയത്തിനകം ശേഖരിച്ചിരിക്കണം. പോസ്റ്റൽ വകുപ്പിന്റെ അനുമതി ലഭിച്ചിരിക്കണം.	ഇല്ല	ഗവൺമെന്റ് തീരുമാനിക്കുന്ന അവധി	1. വി.ഇ.ഒ. 2. ജി.ഇ.ഒ. 3. ബി.ഡി.ഒ.
ബി.പി.എൽ സർട്ടിഫിക്കറ്റ്	നിലവിലുള്ള ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായവർക്ക് വി.ഇ.ഒ. മുഖേന അപേക്ഷ നൽകുന്നു. ഗുണഭോക്താക്കൾക്ക് വി.ഇ.ഒ. യുടെ ശുപാർശയോടെ അടിസ്ഥാനത്തിൽ ബി.ഡി.ഒ. അനുവദിക്കുന്നു.	ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ അപേക്ഷ വെള്ളക്കടലാസിൽ സമർപ്പിക്കണം. സ്വസംപൂർണ്ണ വി.ഇ.ഒ. / എൽ.ഇ.ഒ. ശുപാർശ ചെയ്തിരിക്കണം.	ഇല്ല	1. വി.ഇ.ഒ.ന് അപേക്ഷ ലഭിച്ചാൽ അതേ ദിവസം 2. വി.ഇ.ഒ. യിൽ നിന്ന് അപേക്ഷ ലഭിച്ചാൽ അതേ ദിവസം	1. വി.ഇ.ഒ. 2. ബി.ഡി.ഒ.

എൻ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, നീലേശ്വരം

ക്രമ നമ്പർ	സേവനങ്ങൾ	നിർവഹണത്തിന് ആവശ്യമായ ജോലി ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കുന്നവിധം	ആവശ്യമായ ഫീസ്	സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവഹിക്കേണ്ട ഉദ്യോഗസ്ഥൻ
1	പദ്ധതി അംഗീകരിക്കൽ	ബ്ലോക് പഞ്ചായത്തിന്റെയും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളുടെയും നീലേശ്വരം മുനുസിപ്പാലി റ്റിയുടെയും പൊതുമരാമത്ത് ഊർജ്ജം, കുടിവെള്ളം, പദ്ധതികളുടെ അംഗീകാരം	എസ്റ്റിമേറ്റ്, ഭരണസമിതി തീരുമാനം സോഷ്യൽ മാപ്പ് എന്നിവ.	ഇല്ല	15 ദിവസം	അസി.എക്സി. എഞ്ചിനീയർ എൽ.എസ്. ജി.ഡി. സബ് ഡിവിഷൻ നീലേശ്വരം
2	സാങ്കേതികാനുമതി സംബന്ധിച്ച് വിവരം	ആവശ്യമായ സാങ്കേതിക പരിശോധനയും സൈറ്റ് പരിശോധനയും നടത്തി സാങ്കേതികാനുമതി നൽകുന്നു.	പ്രൊജക്ട് വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, സോഷ്യൽ മാപ്പ് (ആവശ്യമെങ്കിൽ) റോഡുകളുടെ ചെയിനേജ്, വിശദമായ പ്ലാൻ	ഇല്ല	7 ദിവസം	അസി.എക്സി. എഞ്ചിനീയർ എൽ.എസ്. ജി.ഡി. സബ് ഡിവിഷൻ നീലേശ്വരം
3	ബില്ലുകളുടെ സൂക്ഷ്മ പരിശോധനയും അംഗീകാരവും.	വർക്ക് ബിൽ അനുബന്ധ രേഖകളും വിശദമായി സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ അംഗീകാരം നൽകുന്നു.	അളവ് ബുക്ക്, ഒറിജിനൽ വർക്ക് ബിൽ, ഇരുപാർട്ടികളും അംഗീകരിച്ച ഒറിജിനൽ എഗ്രിമെന്റ് (എഗ്രിമെന്റ് ഷെഡ്യൂൾ സഹിതം) അംഗീകരിച്ച താരതമ്യ പട്ടിക, മാറ്റം വരുത്തിയ പ്ലാനുകൾ, ആവശ്യായ ലെവലുകൾ, ഭരണാനുമതി/ സാങ്കേതിക അനുമതി, രേഖ, പർച്ചേസ് ബില്ലുകൾ, ലോഗ് ഷീറ്റ്, മിനുട്സ് ബുക്ക്, പാസ്ബുക്ക്, മസ്റ്റർറോൾ, സൈറ്റ് ഹാന്റ് ഓവർ മുതലായവ	ഇല്ല	15 ദിവസം	അസി.എക്സി. എഞ്ചിനീയർ എൽ.എസ്. ജി.ഡി. സബ് ഡിവിഷൻ നീലേശ്വരം

ക്രമ നമ്പർ	സേവനങ്ങൾ	നിർവഹണത്തിന് ആവശ്യമായ ജോലി ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കുന്നവിധം	ആവശ്യമായ ഫീസ്	സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവഹിക്കേണ്ട ഉദ്യോഗസ്ഥൻ
4	പഞ്ചായത്തീരാജ് സംവിധാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ	സമയസമയങ്ങളിൽ ഗവൺമെന്റ്/ ജില്ലാ പഞ്ചായത്ത് മറ്റ് നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും	പ്ലാൻ സെക്ഷൻ, എലിവേഷൻ, സ്ട്രക്ചറൽ ഡീറ്റെയിൽസ് നിർദ്ദിഷ്ഠ മാർഗ്ഗ രേഖയിലുള്ള അപേക്ഷ നിശ്ചിത തുക സപ്ലിമെന്ററി ചാർജ്ജ് അടച്ച ചലാൻ രശീത് എന്നിവ	ഇല്ല	15 ദിവസം	അസി.എക്സി. എഞ്ചിനീയർ എൽ.എസ്. ജി.ഡി. സബ് ഡിവിഷൻ നീലേശ്വരം
5	പുതുതായി പണികഴിപ്പിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ സപ്ലിമെന്ററി എസ്റ്റിമേറ്റ് സർട്ടിഫിക്കറ്റ് നൽകുക.	പുതുതായി പണികഴിപ്പിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ സപ്ലിമെന്ററി എസ്റ്റിമേറ്റ് നടത്തി എസ്റ്റിമേറ്റ് സർട്ടിഫിക്കറ്റ് നൽകുക.	പ്ലാൻ സെക്ഷൻ നിർദ്ദിഷ്ട മാർഗ്ഗ രേഖയിലുള്ള അപേക്ഷ, നിശ്ചിത തുക സപ്ലിമെന്ററി ചാർജ്ജ് അടച്ച ചലാൻ അടച്ച രസീത് എന്നിവ	Aided /Unaided സ്കൂളുകൾക്ക് എസ്റ്റിമേഷൻ 1.25% (എഫ്+സപ്ലിമെന്ററി വിഷൻ ചാർജ്ജ്)	15 ദിവസം	അസി.എക്സി. എഞ്ചിനീയർ എൽ.എസ്. ജി.ഡി. സബ് ഡിവിഷൻ നീലേശ്വരം
6	സ്ഥലം എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട്	1. എം.എൽ.എ.യുടെ ശുപാർശക്ക് ശേഷം ജില്ലാ കളക്ടർ അനുമതിക്കുന്ന ഭരണാനുമതി. 2. എസ്റ്റിമേറ്റ് തയ്യാറാക്കൽ 3. സാങ്കേതിക അനുമതി 4. കൺവീനർ/കോൺട്രാക്ടർ, ബി.ഡി.ഒ. യുമായി എഗ്രിമെന്റ് കരാർ നിർവഹണം 5. ബില്ലുകൾ തയ്യാറാക്കൽ	കേരള പൊതുമരാമത്ത് പട്ടങ്ങൾ എം.എൽ.എ. ഫണ്ട് നിർവഹണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ.	ഇല്ല	ഉത്തരവ് പ്രകാരമുള്ള കാലയളവ്	അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസീയർ

ക്രമ നമ്പർ	സേവനങ്ങൾ	നിർവഹണത്തിന് ആവശ്യമായ ജോലി ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കുന്നവിധം	ആവശ്യമായ ഫീസ്	സേവനം ലഭ്യമായ ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവഹിക്കേണ്ട ഉദ്യോഗസ്ഥൻ
7	എം പിയുടെ പ്രാദേശിക വികസന ഫണ്ട്	1. നിബന്ധനകൾക്ക വിധേയമായി ജില്ലാകളക്ടർ അനുവദിക്കുന ഭരണാനുമതി. 2. എസ്റ്റിമേറ്റ് തയ്യാറാക്കൽ 3. സാങ്കേതിക അനുമതി 4. കൺവീനർ/കോൺട്രാക്ടർ, ബി.ഡി.ഒ. യുമായി ഏർപ്പെടുന കരാർ നിർവഹണം 5. ബില്ലുകൾ തയാറാക്കൽ	കേരള പൊതുമരാമത്ത് ചട്ടങ്ങൾ എം പി ഫണ്ട് നിർവഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ.	ഇല്ല	**ഉത്തരവ് പ്രകാരമുള്ള കാലയളവ്**	അസി. എഞ്ചിനീയർ/ ഓവർസീയർ
8	നബാർഡ് / ആർഐഡിഎഫ് പ്രവൃത്തികൾ.	1. ഗ്രാമപഞ്ചായത്ത് ശുപാർശക്ക് വിധേയമായി അസി. എഞ്ചിനീയർ തയാറാക്കുന എസ്റ്റിമേറ്റിന് നബാർഡ് അനുവദിക്കുന ഭരണാനുമതി 2. ജില്ലാതല സാങ്കേതിക വിദഗ്ധ സമിതി ഡി.എൽ.എസ.സി. അനുവദിക്കുന സാങ്കേതിക അനുമതി 3. ടെണ്ടർ നടപടി. 4. കോൺട്രാക്ടർ ബി.ഡി.ഒ. യുമായി ഏർപ്പെടുന എഗ്രിമെന്റ് നിർവഹണം 5. ബില്ലുകൾ തയാറാക്കൽ.	കേരള പൊതുമരാമത്ത് ചട്ടങ്ങൾ/ നബാർഡ് ചട്ടങ്ങൾ	ഇല്ല	ഉത്തരവ് പ്രകാരമുള്ള കാലയളവ്	അസി. എഞ്ചിനീയർ/ ഓവർസീയർ

ക്രമ നമ്പർ	സേവനങ്ങൾ	നിർവഹണത്തിന് ആവശ്യമായ ജോലി ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കുന്നവിധം	ആവശ്യമായ ഫീസ്	സേവനം ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവഹിക്കേണ്ട ഉദ്യോഗസ്ഥൻ
9	പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടുകൾ	1. പ്രകൃതി ക്ഷോഭത്തിൽ തകർന്നുപോയ പ്രവർത്തികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഭരണാനുമതി. 2. എസ്റ്റിമേറ്റ് തയ്യാറാക്കൽ 3. സാങ്കേതിക അനുമതി. 4. കൺവീനർ/ കോൺട്രാക്ടർ ബി.ഡി.ഒ.യുമായി വെക്കുന്ന എഗ്രിമെന്റ് നിർവഹണം 5. ബില്ലുകൾ തയാറാക്കൽ	കേരള പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം പ്രവർത്തികൾ ഇ-ടെണ്ടറിലൂടെ നടത്തപ്പെടുന്നു. (സ്കൂൾ വർക്കുകൾ കമ്മിറ്റികൾ മുഖേനയും നടത്താവുന്നതാണ്.)	ഇല്ല	ഉത്തരവ് പ്രകാരമുള്ള കാലയളവ്	അസി. എഞ്ചിനീയർ/ ഓവർസീയർ
10	ബ്ലോക്കിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടെ പൊതുമരാമത്ത് പ്രവർത്തികൾ (ശുചിത്വം, കുടിവെള്ളം ഉൾപ്പെടെ)	സാങ്കേതിക അനുമതി A Exe നൽകുന്നു. ടെണ്ടർ നടപടി എഗ്രിമെന്റ് നിർവഹണം ബിൽ തയാറാക്കൽ എ.ഇ. ചെയ്യുന്നു.	എസ്റ്റിമേറ്റ് ഭരണാനുമതി തീരുമാനം.	ഇല്ല	സാമ്പത്തിക വർഷം	അസി. എഞ്ചിനീയർ/ ഓവർസീയർ
11	ജില്ലാ പഞ്ചായത്ത് എഗ്രിമെന്റ് വെച്ച് നടപ്പിലാക്കുന്ന പ്രവർത്തികൾ (ബ്ലോക്ക് പരിധിയിൽ)	1. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് പ്രവർത്തികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഭരണാനുമതി. 2. എസ്റ്റിമേറ്റ് തയ്യാറാക്കൽ 3. കൺവീനർ/ കോൺട്രാക്ടർ EE യുമായി വെക്കുന്ന എഗ്രിമെന്റ് നിർവഹണം 5. ബില്ലുകൾ തയാറാക്കൽ	കേരള പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം പ്രവർത്തികൾ ഇ-ടെണ്ടറിലൂടെ നടത്തപ്പെടുന്നു. (സ്കൂൾ വർക്കുകൾ കമ്മിറ്റികൾ മുഖേനയും നടത്താവുന്നതാണ്.)	ഇല്ല	സാമ്പത്തിക വർഷം	അസി. എഞ്ചിനീയർ/ ഓവർസീയർ

കൃഷി അസി. ഡയറക്ടറുടെ കാര്യാലയം (എ.ഡി.എ.) നീലേശ്വരം

ക്രമ നമ്പർ	സേവനങ്ങൾ	നിർവഹണത്തിന് ആവശ്യമായ ജോലി ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കുന്നവിധം	ആവശ്യമായ ഫീസ്	സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവഹിക്കേണ്ട ഉദ്യോഗസ്ഥൻ
1	സാങ്കേതിക പ്രശ്ന പരിഹാരത്തിനുള്ള കൃഷി സ്ഥല സന്ദർശനം	സ്ഥല പരിശോധന	സാധനങ്ങൾ സ്വയം വാങ്ങണം	ഇല്ല	5 ദിവസം	കൃഷി ഓഫീസർ
2	രൂക്ഷമായി പൊട്ടിപുറപ്പെടുന്ന കീട രോഗാക്രമണത്തിനുള്ള ഉപദേശ സേവനം	സ്ഥല പരിശോധന	സാധനങ്ങൾ സ്വയം വാങ്ങണം	ഇല്ല	6 മണിക്കൂർ	കൃഷി ഓഫീസർ
3	സാങ്കേതിക ഉപദേശത്തിന് കൃഷിഭവൻ സന്ദർശിക്കുന്ന കർഷകർക്കുള്ള സേവനം	സാങ്കേതിക വിവരങ്ങൾ അറിയിക്കൽ	സാധനങ്ങൾ സ്വയം വാങ്ങണം	ഇല്ല	2 മണിക്കൂർ	കൃഷി ഓഫീസർ
4	ആത്മ പദ്ധതി മുഖേന കർഷകർക്ക് സാങ്കേതിക ഉപദേശം	പദ്ധതിയിൽ രജിസ്റ്റർ ചെയ്യൽ, കൃഷിഭവൻ നിർദേശങ്ങൾ പാലിക്കൽ	കൃഷി ഭവൻ വഴി ആത്മ ഫോമിൽ അപേക്ഷിക്കൽ	ഇല്ല	അടിയന്തിര ഘട്ടത്തിൽ കർഷകർ ആവശ്യപ്പെട്ട് 48 മണിക്കൂറിനു ള്ളിലും മാസത്തിലൊരിക്കലുമുള്ള സ്ഥിരമായ സന്ദർശന വേളയിലും	കൃഷി ഓഫീസർ
5	അഗ്രോ സർവീസ് സെന്ററുകൾ മുഖേന ലഭ്യമാകുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം	സ്ഥല പരിശോധന, ജോലിയുടെ അളവ്/ സ്വഭാവം നിർണയിക്കൽ	അപേക്ഷ നൽകണം നിശ്ചയിച്ചിട്ടുള്ള കൂലി/ ചെലവ് വഹിക്കണം.	ഇല്ല	3 ദിവസം	കൃഷി അസി. ഡയറക്ടർ
6	കർഷകർ മണ്ണ് സാമ്പിളുകൾ നേരിട്ട് കൃഷി ഭവനിൽ പരിശോധനക്ക് നൽകുമ്പോൾ	സാമ്പിൾ ശേഖരിക്കൽ	സാമ്പിളിനൊപ്പം വേണ്ട വിവരങ്ങൾ നൽകൽ.	ഇല്ല	30 ദിവസം	കൃഷി ഓഫീസർ

ക്രമ നമ്പർ	സേവനങ്ങൾ	നിർവഹണത്തിന് ആവശ്യമായ ജോലി ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കുന്നവിധം	ആവശ്യമായ ഫീസ്	സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവഹിക്കേണ്ട ഉദ്യോഗസ്ഥൻ
7	കൃഷി ഭവൻ മുഖേനയുള്ള വിത്ത് / നടീൽ വസ്തുക്കളുടെ വിതരണം/ വൽപ്പന	നികുതി ചീട്ടിന്റെ പകർപ്പ് സഹിതം അപേക്ഷ നൽകണം.	യോഗ്യത കൃഷി ഓഫീസറെ ബോധ്യപ്പെടുത്തണം. വസ്തുക്കളുടെ വില സ്വയം വഹിക്കണം.	ഇല്ല	കൃഷി ഭവനിലുള്ള ലഭ്യതക്കനുസരിച്ച് ഉടൻ സേവനം കൃഷി ഭവനിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാക്കുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം വരെ)	കൃഷി ഓഫീസർ
8	വിത്ത് ഗുണമേന്മ പരിശോധന (കൃഷി ഭവൻ / വിത്തുപരിശോധന / ശാലയിൽ നൽകുന്ന സാമ്പിളുകൾ	സ്ഥല പരിശോധന	കൃഷി ഭവനിൽ നിന്നുമുള്ള അപേക്ഷ, വിത്തു പരിശോധന	ഇല്ല	30 ദിവസം	എ.ഡി.എ.
9	അനുമതി ലഭിച്ച പദ്ധതികൾ മുഖേന അർഹതപ്പെട്ട കർഷകനുള്ള ധനസഹായം	സ്ഥല പരിശോധന	ജില്ലാ ഓഫീസിലേക്കുള്ള അപേക്ഷ കൃഷി ഭവൻ വഴി	ഇല്ല	കൃഷി ഭവനിൽ കർഷകർ ക്ലെയിം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്ക് ശേഷം 30 ദിവസത്തിനകം	കൃഷി ഓഫീസർ
10	ജലസേചന ആവശ്യത്തിന് അർഹതപ്പെട്ട കർഷകന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്	സ്ഥല പരിശോധന	കൃഷി ഓഫീസർ നേരിട്ട്	ഇല്ല	5 ദിവസം	കൃഷി ഓഫീസർ

ക്രമ നമ്പർ	സേവനങ്ങൾ	നിർവഹണത്തിന് ആവശ്യമായ ജോലി ഘടകങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കുന്നവിധം	ആവശ്യമായ ഫീസ്	സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവഹിക്കേണ്ട ഉദ്യോഗസ്ഥൻ
